# THE CHURCH WEEKLY

Vol. VIII. | SUNDAY 8TH AUGUST 1954 | PRICE 2 ANNAS A COPY | NO. 31

# THE FIRST SIX YEARS OF THE WORLD COUNCIL OF CHURCHES

By Henry Smith Leiper

II

In quite a different category, although with related objectives, the Commission of the Churches on International Affairs jointly representing the W.C.C and the International Missionary Council, has carried forward its work. The Commission works with the U.N., supplying information to its working committees concerning the views and convictions of the churches, as recorded in their official actions. It informs the churches of U. N. processes. As another observer has said: "Bringing an element of reconciliation in to the Japanese Peace, setting forward the plan for a peace observation commission, furthering proposals for reduction of armaments, and working specifically for religious liberty within the pattern of the Covenant of Human Rights, are all matters with which this commission has concerned itself."

Commissions in 21 nations in Europe, the Far East and North America have been linked with the work of the C.C.I.A Included among these, of course, is the National Council's Department of International Justice and Goodwill, and Dr. O Fredrick Nolde, the brilliant and peripatetic director of the C.C.I.A., has his office at 297 Fourth Avenue, New York, in close touch with the National Council's staff.

He made a journey to Korea in 1953 for conference with President Rhee and Mr. Walter Robertson with regard to certain aspects of the Korean armistice. Wherever in the world a situation of international tension arises, save within the Russian-controlled nations, the commission is listened to with the repect which its short but notable record has earned.

## CHRISTIAN TRAINING

Another joint action with the I.M.C. led to the election of a joint secretary for East Asia in the person of Dr. Rajah Manikam, former secretary of the National Christian Council of India. His visits in the areas to which he is assigned have occasioned much approving and grateful comment. His joining the staff has given the W.C.C. a less "Western" look to many in the younger churches of the East. That this is important no one who knows that part of the world can doubt.

The Graduate School of Ecumenical Studies, organized by the W.C C.'s Ecumenical Institute in cooperation with the University of Geneva, represents one of the accomplishments of the recent past. Its first class was graduated in February, 1953 Students from Canada Denmark, France, Germany, Holland, Italy, Japan, Korea, Sweden and the U. S. A. started their work in the school for the second term last October.

The curriculum includes social work problems, pastoral care, mission techniques, theological studies, rural problems, art and the Church, and the relation between theology and philosophy. There is likewise a special course for laymen on the theological foundations of lay activity in the churches. The regular studies at "Bossey," the Ecumenical Institute's beautiful chateau donated by Mr. John D. Rockefeller, Jr., have been carried on with growing effectiveness through the years since Amsterdam. The total number of persons who have added to their intellectual and spiritual equipment for Christian service through this agency is now impressive and the average number of nations represented there in the student body is said to be 15. Laymen's groups composed of politicians, teachers, doctors, psychologists, engineers, editors and other professional workers, have met for periods of intensive study of the applications of Christian ideals to their particular professional problems.

A unique accomplishment related to the life and work of women in the churches has been brought about by the commission on that subject. Surveys made by the commission have revealed the fact that, while in some lands the churches afford women notable opportunities for varied kinds of service, in others women have virtually no place in the direction or leadership of the churches.

## LAYMEN

The discussions which have arisen as a result of the publication of these studies have stimulated some churches to consider seriously the desirability of making changes. The sense of fellowship and mutual concern which has been given definite channels for expression has encouraged many discouraged

Christian women. Since in every land women are the strongest supporters of the Church, this is highly important, particularly in a time when Communism utilizes freely the abilities and loyalties of women. The commission stresses not "women's rights" but the extent and nature of women's ability to contribute to the "wholeness" of the Church.

Laymen as well as lay women have shared in the formal program of the W.C.C. and the revival of lay emphases in many Continental churches can be traced in no small measure to these activities. In particular, the years have brought forward some inspired leaders who got then new insights while on the staff of the W.C.C. Pre-eminent among such leaders is Dr. Reinold von Thadden, whose leadership in Germany has astounded the Christian world.

### CHANGE OF MOTION

In the Berlin "Kirchentag" a couple of years ago, 400,000 laymen from both sides of the "curtain" participated. Dr. von Thadden has called into cooperation with him many of the staff of the World Council and has always identified his work with the wider fellowship which his wartime experience, his imprisonment by both Nazis and Communists, and his subsequent service on the W.C.C. staff enabled him to appraise at its true value. Laymen's studies of contemporary church problems have been carried on jointly by the W.C.C. and National Council of Churches in this country. Attention has been centred on the meaning of Christian vocation.

The pursuit of studies by great numbers of thoughtful leaders in the churches does not at first glance look like an "accomplishment." But many difficulties are cleared away by these processes. The progress which has been made toward a more united Church has resulted, on the average, in at least one union of denominations somewhere in the world for every year of the present century. The formation of unions is not the direct concern of the W.C.C. That must come from action initiated and prosecuted by the churches themselves. But that there is a relation between the studies which have been going on since the early part of the century and the actions bringing more than 100 denominations together cannot be doubted. Most readers know about church fights. Few have the faintest idea of what has happened to change the internal forces of church life from centrifugal to centripetal motion. Yet when the average man inside or outside of the Church learns of the organic union of two denominations he knows that something definite and encouraging has been accomplished.

From the experience gained in cooperative work under the leadership of the World Council in partnership with the International Missionary Council, a steadily increasing number of thoughtful Christians have seen the reasons why both church and secular historians hail the movement as something new in human experience. They better understand why the late William Temple, first President of the W.C.C., spoke of the movement as "the great new fact of our time."

They see that among its less visible and tangible accomplishments are some which may be even more important than the things which can be easily tabulated or demonstrated. Such accomplishments would be: the creation of a school of genuine spiritual world-citizenship; the most realistic outreach toward a responsible world society; the most significant collective answer to the known desire of the Lord of the Church for oneness among His followers; a world forum for the serious examination of Christian ideals in relation to contemporary problems; an incarnation of the spirit of the Good Samaritan; a visible symbol of growing familyhood among Christians throughout the world.

# യുവജനങ്ങളുടെ കർത്തവ്യം

വെ. ഡോ. കെ. സി. ജോസഫ്.

“പുരാതന ഗ്രീക്ക് രാജ്യത്ത് അഥേന എന്നും സ്പാർട്ടാ എന്നും പ്രസിദ്ധമായ രണ്ടു നഗരങ്ങളുണ്ടായിരുന്നു. പൗലൂസ് ശ്ലീഹാ അഥേനയിലെത്തി അവിടുത്തെ പൗരന്മാരോട്, യേശുവിന്റെയും തന്റെ പുനരുത്ഥാനത്തെയും സംബന്ധിച്ചുള്ള നൂതനോപദേശം പ്രസംഗിക്കുന്നതിനെക്കുറിച്ചു വി. ലൂക്കോസ് നടപ്പുകളുടെ പുസ്തകം 17—ാം അദ്ധ്യായം 21 -ാം വാക്യത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. “അഥേനർ ഒക്കെയും അവിടെ വന്നുപാർക്കുന്ന പരദേശികളും വല്ലപുതുമയും പറകയോ കേൾക്കുകയോ ചെയ്യുന്നതിൽ തല്പരരായിരുന്നു”. ഗ്രീസിലെ സിററിസ്റ്റേററുകളെക്കുറിച്ചുള്ള ചരിത്രത്തിൽ സ്പാർട്ടാക്കാർ പ്രവൃത്തിയെടുക്കുന്നതിൽ തല്പരരും, അഥേന നിവാസികൾ സംസാരിക്കുന്നതിൽ പ്രിയരുമായിരുന്നു എന്നു പറയുന്നു. അഥേനക്കാർ പുതിയ സംഗതികളെക്കുറിച്ചു കൂടിയിരുന്നു സംസാരിക്കുകയും ചർച്ച ചെയ്യുകയും ചെയ്തുപോന്നു എന്നു കേൾക്കുന്നതു് ആദ്ധ്യാത്മികവും സാമൂഹ്യവും സാംസ്കാരികവുമായ അടിസ്ഥാനത്തിൽകൂടിവന്നിരിക്കുന്ന, സെൻറ് ജോർജ്ജസ് അസോസ്യേഷന്റെ അംഗങ്ങൾക്ക് രസകരമായിരിക്കും. സംസാരിക്കുക, ചർച്ചചെയ്യുക, തർക്കിക്കുക ഇതെല്ലാം വളരെ പ്രയോജനപ്രദമത്രേ. നമ്മുടെ വിശ്വാസം പ്രവൃത്തിയിൽകാണണമെന്നു വി. യാക്കോബ്ശ്ലീഹായും പറഞ്ഞിരിക്കുന്നു. നാം എന്തിനാണ് സമ്മേളിക്കുന്നതെന്നു നമുക്ക് പരിചിന്തനം ചെയ്യാം. ഒന്നാമതായി നമ്മുടെ പരിശുദ്ധസഭയെ സംബന്ധിച്ചു പഠിക്കാനാണ്. നമ്മുടെ ജീവിതം ഏതെങ്കിലും സ്ഥിരപ്രമാണങ്ങളിൽ അധിഷ്ഠിതമായിരിക്കണം. ജീവിതത്തിനു് ആധാരമായി തത്വം ഒന്നും വേണ്ടെന്നു പറയുന്ന ഒരു കൂട്ടരുണ്ടു്. അവരും തത്വം ഒന്നുമില്ലെന്നുള്ള തത്വത്തിൽ വിശ്വസിക്കുന്നവരാണ്. ദൈവത്തെസംബന്ധിച്ചു ചിന്തിക്കേണ്ടതില്ലെന്നു പറയുന്ന ഭൗതികവാദികൾക്ക്പോലും ദൈവത്തെ വിഗണിച്ചു ജീവിക്കാൻ അസാദ്ധ്യമത്രേ.

ദൈവം സ്നേഹസമ്പൂർണ്ണനും സർവശക്തനും ആയ ആദ്യന്തശക്തിയാണ്. തന്റെ സ്നേഹവും കരുണയും വീണ്ടെടുപ്പും പ: ത്രിത്വങ്ങളിൽ കൂടെ ലോകത്തിനു് വെളിപ്പെടുത്തിക്കൊടുക്കയും ചെയ്തിട്ടുണ്ടെന്നു നാം വിശ്വസിക്കുന്നു. ഇന്നും ആ പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിലാണ പരിശുദ്ധസഭ മുന്നോട്ടു പോകുന്നതു്. ഇതാണ് നമ്മുടെ കാതലായ വിശ്വാസം. ഈ തത്വമനുസരിച്ചു നമ്മുടെ ജീവിതം ക്രമപ്പെടുത്തണം.

സെൻറ് ജോർജ്ജസ് അസോസ്യേഷൻജീവിതത്തിന്റെപ്രായോഗി

കവശങ്ങളെപ്പററി ചർച്ച ചെയ്തു് പഠിക്കാനുള്ള ഒരു സംഘം കൂടിയായിരിക്കണം.

പഠിക്കണമെന്നാഗ്രഹിക്കുന്നവർക്ക്, താഴെ പറയുന്ന മനസ്ഥിതി സംജാതമാകേണ്ടതാണ്. (1) അറിയേണ്ടതെല്ലാം എനിക്കറിവില്ല. (2) പഠിക്കുന്നതിനു ശിഷ്യത്വം ആവശ്യമാണ് (3 ശിഷ്യനു് ശിക്ഷണബോധം അങ്ങേയററം ഉണ്ടായിരിക്കണം. (4) പഠനത്തിനു ബാഹ്യമായ ഒരു സംഘടനയുടെ അംഗത്വവും പ്രവർത്തന പരിപാടിയും ഉണ്ടായിരിക്കണം (5) സാമൂഹ്യസേവനപരമായ ഒരു കർമ്മ പരിപാടി ഉണ്ടായിരിക്കണം. സാധുജന സംരക്ഷണം, ആതുര ശുശ്രൂഷ, രോഗാന്വേഷണം, ഇതെല്ലാം അതിൽ ഉൾപ്പെടുത്താം. തിരുവനന്തപുരം നഗരത്തിൽ അലഞ്ഞു നടക്കുന്നവരും സാധുക്കളുമായവർക്ക് അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും സഹായം ചെയ്യുവാൻ സാധ്യമാകുമോ. രോഗികളുടെയും ഭിക്ഷുക്കളുടേയും ജീവിതം ഏതെങ്കിലും വിധം ധന്യമാക്കാൻ ശ്രമിക്കുക. ഫീസില്ലാത്ത സാധു വിദ്യാർത്ഥികൾക്ക് ധനസഹായം ചെയ്യുക. പാഠപുസ്തകം വാങ്ങി കൊടുക്കുക. ഇതൊക്കെയും നിങ്ങളുടെ സാമൂഹ്യസേവന പരിപാടിയിൽ ഉൾപ്പെടുത്തരുതോ. സ്നേഹപൂർണ്ണനായ ഒരു ദൈവത്തിൽ വിശ്വസിക്കുന്നവർക്കു സ്നേഹപരമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടാതെയിരിപ്പാൻ എങ്ങിനെകഴിയും. എനിക്ക് ഒരു പ്രധാനസംഗതികൂടെ നിങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതിനായുണ്ട്. കേരളത്തിലെ ഇതരക്രൈസ്തവ സഭകളിലെല്ലാം ഓരോ യുവജന ഡിപ്പാർട്ടുമെന്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. നമ്മുടെ സഭയിലും പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു അടുത്തകാലത്തു തത്സംബന്ധമായ ഒരു കല്പന പുറപ്പെടുവിക്കയും ശ്രീ. ററി. സി ഉമ്മൻ ബി. ഏ. ബി. ഡി.യെ യുവജന പ്രവർത്തകനായി നിയമിക്കുകയും ചെയ്തിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഓണഅവധിക്കാലത്തു നിങ്ങൾ സ്വന്തം ഇടവകകളിൽ മടങ്ങിയെത്തുമ്പോൾ അവിടവിടെ ഓരോ യുവജനസംഘടനകൾ രൂപവൽക്കരിക്കണമെന്നു ഞാനഭ്യർത്ഥിക്കുന്നു. സെൻറ് ജോർജ്ജ് അസോസ്യേഷൻ നമ്മുടെ സമുദായത്തിലെ പഴക്കമുള്ള ഒരു സംഘടനയാണ്. നിങ്ങൾക്കു ലഭിക്കുന്ന സുവർണ്ണാവസരം നിങ്ങൾ തക്കത്തിൽ ഉപയോഗിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും ഇത്രയും സാഹചര്യങ്ങളും അവസരങ്ങളും ലഭിക്കാതെ അനേകം യുവതീയുവാക്കന്മാരുണ്ട്. അവരും നമ്മോടൊപ്പം സമുദായ നന്മയ്ക്കും ലോകത്തിന്റെ പൊതുശ്രേയസ്സിനുമായി പ്രവർത്തിക്കേണ്ടവരാണ്. അവരുടെ ഉൽക്കർഷത്തിനും നന്മയ്ക്കുമായി നിങ്ങൾ യുവജന സംഘടനകൾ രൂപവൽക്കരിക്കണമെന്നും, ഇവിടെ ലഭ്യമാകുന്ന അനുഭവവും പരിശീലനവും അവർക്കും കൂടെ സംഭാവന ചെയ്യണമെന്നും ഞങ്ങൾ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ.

നിങ്ങൾ പുതിയ കാര്യങ്ങൾ പഠിക്കുന്നതിലും നല്ല കാര്യങ്ങൾ ചെയ്യുന്നതിലും അതീവതല്പരരായിത്തീരട്ടെ. അഥേനക്കാരുടെയും സ്പാർട്ടക്കാരുടേയും ചരിത്രം അതിനു് വഴി കാണിക്കട്ടെ. എല്ലാററിനും ഉപരിയായി യേശുക്രിസ്തുവിന്റെ പുണ്യവചനങ്ങൾ നിങ്ങൾക്കു പ്രചോദനം നൽകട്ടെ.

(തിരുവനന്തപുരം സെൻറ് ജോർജ്ജസ് അസ്സോസിയേഷന്റെ ഉൽഘാടന സമ്മേളനത്തിൽ ചെയ്ത പ്രസംഗം Notes by W. C. Kurian)

# വി ശു ദ്ധ മ ക്കാ റി യ സ്

(കെ. മാത്യു. വൈദികവിദ്യാർത്ഥി)

ക്രിസ്തുവിനുശേഷമുള്ള സഭാചരിത്രത്തിലേക്കു നോക്കുന്ന ഒരാളിനു അനേകം പരിശുദ്ധന്മാരെ കാണുവാൻ സാധിക്കും. എന്നാൽ പലരെപ്പററിയും സംപൂർണ്ണമായ അറിവു ഇന്നു നമുക്കു ലഭിക്കുന്നില്ല. വിശുദ്ധ മക്കാറിയസ് എന്ന സന്യാസിശ്രേഷ്ഠന്റെ ജീവിതാനുഭവങ്ങൾ വായനക്കാർക്കു പ്രചോദനം നൽകത്തക്കവണ്ണം ഹൃദയസ്പർശകങ്ങളാണ്.

മക്കാറിയസ് ഏ. ഡി. മുന്നൂറിനുശേഷം അലക്സന്ത്രിയായിൽ ഭൂജാതനായി. ബാല്യകാലജീവിതത്തെപ്പററി ശരിയായ തെളിവുകൾ ഇല്ല. ഇദ്ദേഹം ഒരു പലഹാരക്കച്ചവടക്കാരനായിരുന്നത്രെ. മശിഹായെ സേവിക്കണമെന്നുള്ള അഭിലാഷം ഉണ്ടായതിനാൽ യൗവനത്തിൽ തന്നെ ലൗകികസുഖങ്ങൾ ത്യജിച്ച് ഇദ്ദേഹം സന്യാസജീവിതത്തിന്റെ പരുപരുത്ത വശങ്ങളെ ആലിംഗനം ചെയ്തു.

## സന്യാസജീവിതം

ഏ. ഡി. 335-ൽ ഉത്തരഈജിപ്തിലുള്ള മരുഭൂമികളിൽ ജീവിതം ആരംഭിക്കുകയും ഏ. ഡി. 373 വരെ അവിടെ പാർത്തശേഷം ദക്ഷിണ ഈജിപ്തിലേക്കു പോകുകയും ചെയ്തു. ദക്ഷിണഈജിപ്തിൽ സെക്ററ, സെൽ, നിത്രിയ, എന്നു മൂന്നുമരുഭൂമികൾ തൊട്ടുതൊട്ടുസ്ഥിതിചെയ്യുന്നുണ്ട്. മക്കാറിയസ് ഈ ഓരോ മരുഭൂമിയിലും താമസിക്കുന്നതിനു് ഓരോ ഗുഹകൾ നിർമ്മിച്ചു. ഈ മരുഭൂമികളിൽ ഇദ്ദേഹത്തിനു സഹസന്യാസികളുമുണ്ടായിരുന്നു. സഹസന്യാസികൾക്ക് പ്രത്യേകം പ്രത്യേകം ഗുഹകൾ ഉണ്ടായിരുന്നു. മദ്ധ്യഭാഗത്തു നിർമ്മിച്ചിരുന്ന ദേവാലയത്തിൽ സന്യാസിമാർ ഞായറാഴ്ചതോറും വി. ബലി അർപ്പിച്ചുവന്നിരുന്നു. മക്കാറിയസ് നിത്രിയായിലായിരുന്നപ്പോൾ യാത്രക്കാരായ അപരിചിതരെ ഉപദേശിക്കുക പതിവായിരുന്നു. എന്നാൽ തന്റെ ജീവിതത്തിന്റെ അധികഭാഗവും താൻ 'സെൽസി'ൽ, ഉള്ള ഗുഹയിലായിരുന്നു ചെലവഴിച്ചതു്. സന്യാസിമാർ പ്രാർത്ഥനക്കു വിഘ്നം വരാതെ പായ്നെയ്ത്ത്, കുട്ടനെയ്ത്ത് മുതലായ കൈത്തൊഴിലുകളും ചെയ്തുവന്നു. ഇക്കാലത്തു് മക്കാറിയസ് വൈദികപദവി സ്വീകരിച്ച് സന്യാസസമൂഹത്തിൽ ശുശ്രൂഷകൾ നടത്തിവന്നു.

സർവവും പരിത്യജിച്ചിരുന്ന ഇവർ സ്വന്തകാര്യത്തെ കരുതിയിരുന്നില്ല. ഒരിക്കൽ മക്കാറിയസിനു ആരോ കുറെ മുന്തിരിങ്ങാ സമ്മാനിച്ചു. അദ്ദേഹം അതു് ഒരു രോഗിയായസന്യാസിക്കു നൽകി. രോഗിയായ സന്യാസി അതു മറെറാരു സന്യാസിക്കു കൊടുത്തു. ഇങ്ങനെ അതു ആരും ഉപയോഗിക്കാതെ കൈമാറിമാറി മക്കാറിയസിന്റെ കൈയിൽത്തന്നെ വന്നുചേർന്നു. ഒടുവിൽ അദ്ദേഹം അതു വീതിച്ചു എല്ലാവർക്കും കൊടുത്തു. ഇതിൽനിന്നും അവരുടെ സ്വയത്യാഗത്തിന്റെ മാതൃക ദർശിക്കാമല്ലോ.

സന്യാസിമാർ എല്ലാവരും വിശിഷ്യാ മക്കാറിയസും കഠിനമായ ഉപവാസനിഷ്ഠയുള്ളവരായിരുന്നു. മക്കാറിയസ് പയറും പച്ചിലകളും മാത്രം ഭക്ഷിച്ച് സപ്തവർഷങ്ങൾ ജീവിച്ചു. അതിനുശേഷം ദിനംപ്രതി മൂന്നുനാലുറൊട്ടിക്കഷണങ്ങളായിരുന്നു ഇഷ്ടന്റെ ഭക്ഷണം. എണ്ണയും വളരെ കുറച്ചേ ഉപയോഗിച്ചിരുന്നുള്ളു. ചിലപ്പോൾ നാലും അഞ്ചും ദിവസങ്ങളിൽ പരിപൂർണ്ണ ഉപവാസമായിരിക്കും, അറയിൽ നിന്നു

അസ്സീസ്സിയിലെ ഫ്റാൻസിസ് 6

# അ ശ രീ രി

എം. കുര്യൻ ബി. എസ്സ്‌സി., കോതമംഗലം

ദിനരാത്രങ്ങൾക്ക് എന്തൊരു അസ്വാദ്യതയാണിപ്പോൾ! കുളിർമയേറിയ പുലർകാലങ്ങൾ മൂടൽ മഞ്ഞു പുതച്ചു ഉണർന്നെഴുന്നേററു വരുന്നതു കാണുക എത്ര ഹൃദയാവർജ്ജകമാണ്. പകലുകൾക്കു പൂർവാധികമായ ഒരു പ്രകാശം. നോക്കുന്നതിലും കാണുന്നതിലുമെല്ലാം ഒരു പുതുജീവൻ, ഒരു പുതിയ ചൈതന്യം താളം ചവിട്ടുന്നു.

ജീവിതത്തിൽ ഒരു പുതിയ ഘട്ടം ആരംഭിക്കുകയാണ്. സാൽസൽവത്തോറിലാണ് അതിന്റെ ഉത്ഭവം. ഇന്നലെ വരെ നിലത്തു നിന്നു പൊക്കാൻ അസാദ്ധ്യമായിക്കണ്ടിരുന്ന ഭാരങ്ങൾ ഉയർത്തിയെടുക്കാൻ വേണ്ട ആത്മീയോർജ്ജം ഇന്നു കരഗതമായിട്ടുണ്ട്. ഏതു കാര്യവും സാധിക്കാം, പ്രവർത്തിക്കാം എന്നൊരു മനോബോദ്ധ്യം അതിനാവശ്യമായ കായബലത്തിന്റെ പ്രസരണം. സമസ്ത ലോകവുമായി ഏകീഭവിച്ചു കഴിഞ്ഞ ഒരു ബോധത്തിൽ നിന്നാവണം ഈ ശക്തി പ്രവഹിച്ചതു്. ഒററതിരിഞ്ഞു നിൽക്കുക ആത്മശക്തി ഊററിക്കളയുന്നതും പുരോഗതിക്കു വിലങ്ങടിച്ചു നിൽക്കുന്നതുമായ ഒരു ഭാവമത്രേ. അതു മാറിക്കിട്ടിയതോടെ, ആ യുവാവിന് എവിടെയുമുള്ള ആരുമായും സാത്മ്യം പ്രാപിക്കാമെന്ന മട്ടായി.

ഫ്റാൻസിസ് പിൽക്കാലത്തു് ഇപ്രകാരം എഴുതി:

"ഞാൻ പാപത്തിൽ ജീവിച്ച കാലത്തു് കുഷ്ഠരോഗികളെ കാണുന്നതു് അത്യധികം വേദനാജനകമായിരുന്നു. എന്നാൽ ദൈവം എന്നെ അവരുടെ മദ്ധ്യത്തിലേക്കു നയിച്ചു. ഞാനവിടെ കുറച്ചു സമയം ചെലവഴിച്ചു. അവരെ വിട്ടുപിരിഞ്ഞപ്പോഴേക്കം, കയ്പേറിയതായി തോന്നിയതു് മധുരതരവും ആയാസരഹിതവുമായിത്തീർന്നിരിക്കുന്നു"

ഉത്തമമായ ജീവിതം നയിക്കുക—അത്രമാത്രമായിരുന്നു ആ യുവാവിന്റെ അന്നത്തെ ആഗ്രഹം.

ഒരു കുഷ്ഠരോഗിയെ ചുംബിച്ചു പിരിഞ്ഞതിന്റെ പിറേറദിവസം ഫ്റാൻസിസ് സാൽസൽവത്തോറിലേക്കു തിരിച്ചു. ആസ്പത്രി സന്ദർശിച്ച് കുഷ്ഠരോഗികളോടുള്ള സ്നേഹം പ്രദർശിപ്പിക്കുകയാണ് ഉദ്ദേശം. നാൽക്കവലയോടടുത്തപ്പോഴേക്കം കാസാഗ്വാൽഡിയുടെ ഭിത്തികൾക്കു പുറത്തേക്കു വമിക്കുന്ന ഗന്ധം നാസാരന്ധ്രങ്ങളെ കനപ്പിച്ചു തുടങ്ങി. പക്ഷേ, യുവാവു് ഇതുകൊണ്ടൊന്നും പിന്മാറുകയില്ല. കാസാഗ്വാർഡി ആസ്പത്രിക്കുള്ളിൽ കിടന്നു നരകയാതനകൾ അനുഭവിക്കുന്ന സ്വന്തസഹോദരങ്ങളെപ്പററിയുള്ള ആർദ്രചിന്തയ്ക്കു മാത്രമേ ആ ഹൃദയത്തിൽ സ്ഥാനമുള്ളു. സമുദായ ഭ്രഷ്ടു കൽപ്പിക്കപ്പെട്ട സാധു കുഷ്ഠരോഗികൾ! ഫ്റാൻസിസിന്റെ സ്നിഗ്ദ്ധ ഹൃദയം ശോകമൂകമായി.

കറയററ സ്നേഹത്തിന്റെ വിഘ്നം കൂടാതുള്ള ഒഴുക്കാണ് പിന്നീടങ്ങോട്ടു്! കുഷ്ഠരോഗികളുടെ പരിചരണം. ഇന്നലെ വരെ ആരിൽ നിന്നു് ഓടിയൊളിക്കാൻ ബദ്ധപ്പെട്ടുവോ, ആ വ്യക്തികളുമായി ഏകീഭവിക്കാൻ ശ്രമിക്കുകയാണിന്നു്. എന്തൊരു ആത്മസംസ്കരണം! എത്ര മഹത്തായ ആത്മ പരിവർത്തനം!!

രോഗികളെ പരിചരിക്കാത്ത വേളകളിൽ, ഫ്റാൻസിസ് പഴയപോലെ പുൽമാലികകളിലും കുന്നുകളിലും ചുററിക്കറങ്ങിക്കൊണ്ടിരുന്നു. മുമ്പു നിരുന്മേഷമായിരുന്ന ഹൃദയം ഇപ്പോൾ പുതിയൊരു രസാനുഭൂതിയാൽ ത്രസിക്കുകയാണ്. പണ്ടു് പ്രകൃതിദർശനമാത്രയിൽ ലഭിച്ചിരുന്ന ആനന്ദം വീണ്ടുംകിട്ടിത്തുടങ്ങി. പ്രകൃതിയുടെ ക്ഷണികതയോ അപൂർണ്ണതയോ ഇപ്പോൾ ആ യുവാവിനെ നിരുൽസാഹനാക്കുന്നില്ല. ഒരു പുതിയ പ്രകാശം. പൂർവാധികം തേജോമയമായ ഒരു ജ്യോതിസ് അതിലൂടേ ദർശിക്കാൻ ഇന്നു സാധിക്കുന്നുണ്ട്. പ്രകൃതിയോടും അതിലൂടെ പ്രവർത്തിക്കുന്ന ദൈവികോദ്ദേശത്തോടും ഏകീഭവിച്ച ഒരു പ്രതീതി.

കാസാ ഗ്വാൽഡിയുടെ ഗേററു തുറന്നു, പുറത്തു രാജപാതയിലിറങ്ങിയ ഫ്റാൻസിസ് ഒരു ദിവസം ആ കുന്നിറങ്ങി താഴോട്ടു നടന്നു. ഒരു ചെറിയ ദേവാലയവും തൊട്ടടുത്തായി ഒരു കൊച്ചു വീടും വഴിക്കു കാണാം. വികാരിക്കു താമസിക്കാനുള്ളതാണ് ആ ചെറിയ ഭവനം. ഏകാന്തസവാരിക്കിടയിൽ ഇങ്ങനെ ഒററപ്പെട്ടുനിൽക്കുന്ന വിജനദേവാലയങ്ങളിൽ കയറി ധ്യാനിക്കുക പതിവുള്ള ഫ്റാൻസിസ് ആ ചെറിയ ദേവാലയത്തിലേക്കു പ്രവേശിച്ചു മുട്ടുമടക്കി പ്രാർത്ഥിച്ചു. സാൻ ഡാമിയാനോയ്ക്കു പ്രതിഷ്ഠിച്ച ഒരു പള്ളിയാണതു്". ആ കാഴ്ച സങ്കടകരമായിരുന്നു പുതുക്കിപ്പണിയാതെ, കേടുപിടിച്ചുകിടക്കുന്ന ഒരു ശൂന്യക്കുമ്പാരം. കെട്ടിടം അവിടവിടെ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നു. ഇടയ്ക്കിടയ്ക്കെല്ലാം അവിടെ ആരാധന നടക്കുന്ന ലക്ഷണമുണ്ടു്. ആൾത്താരയിൽ വച്ചിരിക്കുന്ന മെഴുകുതിരി അന്നു രാവിലെ ഏരിഞ്ഞതായിത്തോന്നും. എന്നാൽ, യാതൊരു ശബ്ദവും അന്തരീക്ഷത്തിൽ ചലനമുണ്ടാക്കുന്നില്ല. ആ പ്രശാന്തമനോജ്ഞതയിൽ ഫ്റാൻസിസ് മുട്ടിന്മേൽനിന്നു്, ആൾത്താരയിലെ ക്രൂശിന്മേൽ ദൃഷ്ടികൾ പതിപ്പിച്ചു പ്രാർത്ഥിച്ചു. ക്രിസ്തുവിന്റെ ക്രൂശാരോഹണം—അതിന്റെ അർത്ഥഗഹനതയെപ്പററി ഫ്റാൻസിസ് ധ്യാനനിരതനായി.

എന്താണതിന്റെ അർത്ഥം? വേദനയിലൂടെ മാത്രമേ പ്രേമത്തിനു ലോകത്തിൽ പ്രവേശിച്ചുകൂടുവെന്നോ? വേദന കൂടുന്നതനുസരിച്ച പ്രേമത്തിന്റെ പരിമാണവും വർദ്ധിച്ചിരിക്കുമെന്നോ? ഐക്യത്തിന്റെ മൂർത്തീഭാവമായ പ്രേമം സദാ തിന്മയുമായി, അതിന്റെ വി

കൊണ്ടുള്ള ധ്യാനം വളരെ പ്രധാനമായി നടത്തിപ്പോന്നു.

ഈ പരിശുദ്ധനും പലതരം പരീക്ഷകളെ നേരിടേണ്ടിവന്നിട്ടുണ്ട്. അവയിലൊന്നു് മരുഭൂമി വിട്ടു് റോമിൽപോകണം എന്നു ഒരിക്കൽ ഉണ്ടായ ചിന്തയായിരുന്നു. പരീക്ഷയെ ജയിക്കുവാൻ താൻ തന്റെ പ്രയാസങ്ങളുടെ ശക്തി വർദ്ധിപ്പിച്ചു. രണ്ടുവലിയ കുട്ടകളിൽ മണൽ നിറച്ചു് ഇരുതോളുകളിലുമേന്തി യാത്രചെയ്തു. ഇതുകണ്ടു് ഒരപരിചിതൻ വിവരം ചോദിച്ചു. അപ്പോൾ അദ്ദേഹം "എന്നോടു് എതിർക്കുന്നവനെ ഞാൻ എതിർക്കുന്നു" എന്നുപറഞ്ഞു. കൊണ്ടു് സന്ധ്യാഗമത്തോടുകൂടി തിരിച്ചെത്തി പ്രാർത്ഥനയിൽ ആമഗ്നനായി. ഇങ്ങനെ ജീവിക്കുമ്പോൾ ആറിയോസ് പാത്രിയർക്കീസിന്റെ പിൻഗാമിയായ ലൂസിയസ് എന്ന പാത്രിയർക്കീസ് ഇദ്ദേഹത്തെ നാടുകടത്തി. ഇദ്ദേഹം 394—ൽ ഇഹലോകവാസം വെടിഞ്ഞു എന്നു വിശ്വസിക്കപ്പെടുന്നു. നിത്രയിൽ വി. മക്കാറിയസിന്റെ നാമത്തിൽ അറിയപ്പെടുന്ന ഒരു വലിയ സന്യാസിസമൂഹം ഇന്നും അവശേഷിക്കുന്നുണ്ടു്.

ഭിന്നരൂപങ്ങളുമായി, — സമ്പാദനമോഹം, പക, വിദ്വേഷം, പരിഹാസം, കൊല—സമരം ചെയ്യണമെന്നോ? പ്രേമം മാത്രമാണ് ഏക യാഥാർത്ഥ്യമെന്നുള്ളതിനാൽ, അതു് ഒരുവൻ സഹൃദയത്തിൽ നട്ടുവളർത്ത്, പൂർണ്ണപക്വതയിലെത്തിക്കണമെന്നോ?—അതയാളെ ക്രൂശുമരണത്തിലേക്കു വഴി നടത്തിയാൽപോലും. അതേ കുരിശു പ്രേമത്തിന്റെ ചിത്രമാണ്, മനുഷ്യൻ പൂർണ്ണകായസ്ഥനാവുന്നതിന്റെ ഒരു ചിത്രം.

മേലോട്ടു ദൃഷ്ടികളുയർത്തി ആ യുവാവു പ്രാർത്ഥിച്ചു:—"പ്രേമധാമമേ, എനിക്കെന്തുചെയ്യാൻ കഴിയും? എന്നെക്കൊണ്ടു സാധിക്കുന്ന എന്തെങ്കിലും പ്രവൃത്തി കാണിച്ചുതന്നാലും."

ദീർഘനേരം ആ പ്രാർത്ഥന സാൻഡാമിയാനോവിലെ നിശ്ശബ്ദാന്തരീക്ഷത്തിൽ ലയിച്ചു, കൊച്ചുകൊച്ചലകൾ സൃഷ്ടിച്ച് വിദൂരതയിലേക്കു നീങ്ങിക്കൊണ്ടിരുന്നു.

എനിക്കെന്തുചെയ്യാൻ കഴിയും? ആ ചോദ്യം വീണ്ടു വീണ്ടും ആവർത്തിച്ചു. പ്രേമവും സന്തോഷവും ഹൃദയത്തിൽ നിറഞ്ഞു്, ഏതോ ആനന്ദമൂർഛയിലേക്കു നയിക്കുകയാണ്. പെട്ടെന്ന് ഏതോ അശരീരി ഫ്റാൻസിസിന്റെ ശ്രവണപുടങ്ങളിൽ വന്നു വീണു. ലളിതമായ പദങ്ങൾ. അർത്ഥഗ്രഹണത്തിനു ക്ലേശിക്കേണ്ടിവരില്ല. വാസ്തവത്തിൽ ഫ്റാൻസിസിന്റെ ഹൃദയത്തിൽനിന്നുയർന്ന പദങ്ങളായിരിക്കണമവ. ഫ്റാൻസിസ് വിചാരിച്ചു, അവ കുരിശിൽനിന്നാണു പുറത്തുവന്നതെന്ന്. എങ്ങനെയായാലെന്തു്? സാൻഡാമിയാനോ ചാപ്പലിനുള്ളിലെവിടെനിന്നോ ഈ പദങ്ങൾ പുറത്തുവന്നു;— "ഫ്റാൻസിസേ, എന്റെ പള്ളി നശിച്ചുപോകുന്നതു നീ കാണുന്നില്ലേ? പോയി, അതു കേടു പോക്കുക."

ആഹ്ളാദതുന്ദിലനായി ആ യുവാവു ചാടിഎഴുന്നേറ്റു. ക്രിസ്തുഎന്നെ സ്വീകരിച്ചുവെന്നു വ്യക്തമായിരിക്കുന്നു. എനിക്കൊരു നേതാവിനെ ലഭിച്ചുകഴിഞ്ഞു. സ്നേഹിക്കുന്നതിനും പിന്തുടരുന്നതിനും പറ്റിയ ഒരു നേതാവ്. ദാരിദ്ര്യകുമാരിയെ മണവാട്ടിയായും ക്രിസ്തുവിനെ നേതാവായും ലഭിച്ചുകഴിഞ്ഞാൽ, പണ്ടുപണ്ടേ മനസ്സിൽ പതിഞ്ഞിരുന്ന യോദ്ധാവിന്റെ സാങ്കല്പികരൂപം ഉദാത്തീകരിച്ചഭാവത്തിൽ പരിപൂർണ്ണമായിത്തീരുകയില്ലേ? ഫ്റാൻസിസ് ക്രിസ്തുവിന്റെ ആയുധവാഹകനായിരിക്കും.

സാഹസികനും വികാരസ്പർശിയുമായ ഒരു യുവാവ്. സൂക്ഷ്മവികാരങ്ങൾക്കു ഇത്രയേറെ വിധേയനായ മറ്റൊരുവ്യക്തി ചരിത്രത്തിൽ കാണുകില്ല. ഓടി, പുറത്തേക്ക്. ഒരു വൃദ്ധപുരോഹിതൻ അവിടെ വെയിൽ കാഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. പള്ളിയോടു തൊട്ടുള്ള വീട്ടിൽ താമസിക്കുന്ന പട്ടക്കാരനായിരിക്കും അദ്ദേഹമെന്നു നിശ്ചയിച്ചു. തന്റെ കൈയിലുണ്ടായിരുന്ന പണം മുഴുവൻ അദ്ദേഹത്തിനു നൽകി. പള്ളിയകത്തു് തൂങ്ങപ്പെട്ട കുരിശുരൂപത്തിനു മുമ്പിലുള്ള വിളക്കിലേക്ക് എണ്ണവാങ്ങാൻ ആ പണമുപയോഗിക്കണമെന്നും ആ വിളക്ക് സദാ കത്തിക്കൊണ്ടിരിക്കണമെന്നും നിർദ്ദേശിച്ച്, യുവാവ് ധൃതഗതിയിൽ യാത്രയായി.

ഓടി വീട്ടിലെത്തിയ യുവാവ് വേഗം പീദ്രോയുടെ കടയിലേക്കു പോയി. വിലയേറിയ ഏതാനും ചരക്കുകെട്ടുകൾ തെരഞ്ഞെടുത്തു, അവ കുതിരപ്പുറത്തെട്ടത്തിട്ട്, അതിന്മേൽ ചാടിക്കയറി, ഫോളിഗ്നോ ലക്ഷ്യമാക്കി ഓടിച്ചുപോയി.

ചരക്കു വില്പനയ്ക്കു കീർത്തിപെറ്റൊരു പുരാതന കമ്പോളമാണ് ഫോളിഗ്നോ. പീദ്രോയുടെ കടയിലെ ഒന്നാംതരം തുണിത്തരങ്ങൾ മകൻ ആ കമ്പോളത്തിൽ പിടിപ്പതു വിലയ്ക്കു വിറ്റു. ഒരു കാര്യം പകുതിയാക്കി നിർത്തുന്നസ്വഭാവം ആ യുവാവിനില്ലായിരുന്നു. കുതിരയെക്കൂടി വിൽക്കുക തന്നെ. വർഷങ്ങളായി തന്റെ സന്തത സഹചാരിയായിരുന്ന ഓമന വാജിയേ വിട്ടുപിരിയാനോ? ആ ചിന്ത ഫ്റാൻസിസിന്റെ വത്സലഹൃദയത്തിനു ദുർവ്വഹമായിരുന്നു. എന്നാലും, നിവൃത്തിയില്ല: വിൽക്കുകതന്നെ........യാതൊന്നും സ്വന്തമായില്ലാതെ, അന്യരെ സ്നേഹിക്കാൻ പഠിക്കണം...അങ്ങനെ കുതിരയെ വിറ്റു, ദൈവവേലയ്ക്കുദ്ദേശിച്ച ഒരുനിറഞ്ഞ പണസ്സഞ്ചിയുമായി യുവാവു 10 മൈൽ ദൂരെയുള്ള അസ്സീസ്സിയിലേക്ക് കാൽനടയായി പുറപ്പെട്ടു. താൻ വാത്സല്ലിച്ചു വളർത്തിയ കുതിരയെ വിട്ടുപിരിയുമ്പോൾ ആ ഹൃദയം നൊമ്പരപ്പെട്ടു. ബാഷ്പകണങ്ങൾതുടച്ചൊതുക്കി.

ആഹ്ളാദഭരിതമായഹൃദയത്തോടുകൂടി ഫ്റാൻസിസ് സാൻഡാമിയാനോവിലേക്കുള്ള കുന്നുകയറി. പണസ്സഞ്ചി കൈവശം വന്നുവീണപ്പോൾആവൃദ്ധപുരോഹിതൻഅന്ധാളിച്ചു പോയി.

"മകനേ, നിനക്കീ പണം എവിടെ കിട്ടി?"

പീദ്രോയുടെ മകൻ അതു വിവരിച്ചു പറഞ്ഞു.

"സാദ്ധ്യമല്ല, മകനേ. ഈ പണം ഉപയോഗിക്കാൻ എന്നാലാവില്ല. അതു് ഉചിതമല്ല.

ഫ്റാൻസിസിന്റെ നയനങ്ങളിൽ ഇരുട്ടുകയറി, മനസ്സ് ഇടിഞ്ഞു. ഹാ, കഷ്ടം! പണസ്സഞ്ചി ജനൽപ്പടിയിൽ വച്ച്, ആ യുവാവു ഇതികർത്തവ്യതാമൂഢനായിരിപ്പായി.

ആ വൃദ്ധ പുരോഹിതന്റെ മനസ്സലിഞ്ഞു. ആ യുവാവിന്റെ സദുദ്ദേശത്തെ ചോദ്യം ചെയ്യുന്നതും ആ ഹൃദയത്തെ നൊമ്പരപ്പെടുത്തുന്നതും നന്നല്ലെന്നു തോന്നി.

"ചാപ്പൽ കേടു പോക്കുന്ന അവസരത്തിൽ ഞാൻ ഇവിടെ വന്നു് അങ്ങയോടൊന്നിച്ചു പാർത്തുകൊള്ളട്ടേ?" പിരിയുന്ന ഘട്ടത്തിൽ ഫ്റാൻസിസ് ചോദിച്ചു.

ആ അപേക്ഷ നിരസിക്കുന്നതിനു് വൃദ്ധപുരോഹിതൻ ഒരു കാരണവും കണ്ടില്ല.

അങ്ങനെ ഫ്റാൻസിസ് സാൻഡാമിയാനോയിലെ വൃദ്ധപുരോഹിതന്റെ കൂടെ താമസമാക്കി. സന്തുഷ്ടിയും പ്രസന്നതയും കലർന്ന ഒരു ബാലന്റെ ഭാവമുണ്ടപ്പോൾ.

**Punnathra Tile Works Kottayam.**

ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further particulars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

## വാരപഞ്ചാംഗം

ആഗസ്റ്റ് കർക്കടകം

| | | |
|---|---|---|
| ഞായർ | 8 | 23 |
| തിങ്കൾ | 9 | 24 |
| ചൊവ്വാ | 10 | 25 |
| ബുധൻ | 11 | 26 |
| വ്യാഴം | 12 | 27 |
| വെള്ളി | 13 | 28 |
| ശനി | 14 | 29 |

**Thought for the Week**

Let us become conscious of ourselves as a fellowship pledged to God and to one another to stand and contend for international and social justice: to set little store by our possessions and much by our responsibilities ··· and daily to commit ourselves, our country and all mankind to God in the prayer Our Lord has taught us.

Archbishop Temple.

THE CHURCH WEEKLY

# ഇവാൻസ്റ്റൺ സമ്മേളനം

## I

അഖിലലോക സഭാകൗൺസിലിന്റെ ദ്വിതീയ മഹാസമ്മേളനം ഈമാസത്തിൽ അമേരിക്കയിൽ ഇല്ലിനോയി സംസ്ഥാനത്തിലുള്ള ഇവാൻസ്റ്റൺ നഗരത്തിൽവച്ചു നടക്കുന്നതാണ്. ഈ കൗൺസിലിന്റെ പ്രഥമസമ്മേളനം 1948-ൽ ആംസ്റ്റർഡാമിൽവച്ചു നടന്നു. അന്നു 44 വിവിധരാജ്യങ്ങളിൽനിന്ന് 147 സഭകളുടെ പ്രതിനിധികളായിരുന്നു സമ്മേളനത്തിൽ സംബന്ധിച്ചിരുന്നത്. ഈ പ്രാവശ്യം ഇവാൻസ്റ്റണിൽ കൂടുന്നത് 48 രാജ്യങ്ങളിൽനിന്നു 161 അംഗസഭകളുടെ പ്രാതിനിധ്യം വഹിക്കുന്നവരാണ്. ചില അംഗസഭകളിൽനിന്ന് ഈ പ്രാവശ്യം പ്രതിനിധികൾ സംബന്ധിക്കാതെയുണ്ട്. ചൈനായിൽ 4 സഭകൾ അഖിലലോകസഭാകൗൺസിലിന്റെ അംഗങ്ങളായുണ്ട്. 1951—ൽ ചൈനായിൽ കമ്യൂണിസ്റ്റു ഭരണം സ്ഥാപിതമായതിനോടുകൂടി സഭാകൗൺസിലിന്റെ ആറു പ്രസിഡണ്ടന്മാരിൽ ഒരാളായിരുന്ന പ്രൊഫസർ റ്റി, സി. (T. C. Chao) അദ്ദേഹത്തിന്റെ സ്ഥാനം രാജിവച്ചു. ഈ പ്രാവശ്യം ചൈനായിലെ സഭകളിൽനിന്ന് ഒരു പ്രതിനിധിയും ഇവാൻസ്റ്റൺസമ്മേളനത്തിൽ സംബന്ധിക്കുന്നില്ല. എന്നാൽ ഫോർമോസാ, ജപ്പാൻ, കൊറിയ, തായ്‌ലാൻഡ്, ഇൻഡോനേഷ്യ മുതലായ വിദൂരപൂർവദേശങ്ങളിൽനിന്ന് പ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിക്കും. ഇരുമ്പുമറയ്ക്കുള്ളിലെ ചിലരാജ്യങ്ങളിൽനിന്നുപോലും പ്രതിനിധികൾ സമ്മേളനത്തിൽ വന്നുചേരുന്നതാണ്. സോവിയറ്റു റഷ്യയിലെയും അതിന്റെ ഉപവൃത്തരാജ്യങ്ങളിലേയും ഓർത്തഡോക്സ്‌സഭകൾ ഈ അഖിലലോകവ്യാപകമായ ക്രിസ്ത്യൻസഭാപാർലമെന്റിലെ അംഗത്വം സ്വീകരിച്ചിട്ടില്ല. എന്നാൽ റഷ്യൻ അധിപത്യത്തിന്റെ ഇരുമ്പുമറയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന പൂർവജർമ്മനി' ഹംഗറി; ചെക്കോസ്ലോവാക്കിയ എന്നീ രാജ്യങ്ങളിലെ ലൂഥറൻ സഭകളും, നവീകരണസഭകളും പ്രതിനിധികളെ അയയ്ക്കുന്നുണ്ട്. 1054-ൽ റോമാസഭയും, കിഴക്കൻ ഓർത്തഡോക്സ് സഭകളുമായി നടന്ന പിരിച്ചിലിനുശേഷം 900 വർഷങ്ങൾ കഴിഞ്ഞു ഗ്രീസിലും, ടർക്കിയിലും സിറിയായിലും വ്യാപിച്ചുകിടക്കുന്ന ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികൾ ഇപ്പോൾ ഒരുമിച്ചുവരുന്നതു് 1954-ൽ, 900 നീണ്ട വർഷങ്ങൾ ഉദയം ചെയ്തു് അസ്തമിച്ചുകഴിഞ്ഞശേഷം മാത്രമാണ്. അഖിലലോക സഭാകൗൺസിലിൽ ഏറ്റവും സമീപകാലത്തു് അംഗത്വംസ്വീകരിച്ച മൂന്നു സഭകൾ വടക്കേ അമേരിക്കയിൽ ഇപ്പോഴുള്ള റഷ്യൻ ഓർത്തഡോക്സ്, ഗ്രീക്ക് കാതലിക്ക് സഭയും, ആഫ്റിക്കയിൽ ഗോൾഡ് കോസ്റ്റിലെ പ്രെസ്ബിറ്റീറിയൻ സഭയും, പശ്ചിമാഫ്രിക്കൻ സംസ്ഥാനത്തിലെ ആംഗ്ലിക്കൻ സഭയുമാണ്. ഈജിപ്ത് എത്തിയോപ്പിയ, ദക്ഷിണാഫ്റിക്കാ മുതലായ മറ്റ് ആഫ്റിക്കൻ രാജ്യങ്ങളിലുള്ള കോപ്റ്റിക്ക്, ഓർത്തഡോക്സ് മെതഡിസ്റ്റ് മുതലായ സഭകളും പ്രതിനിധികളെ അയച്ചിട്ടുണ്ട്. ഇൻഡ്യയിൽനിന്നു ഓർത്തഡോക്സ് സഭ, മാർത്തോമ്മാസഭ, 1947—ൽ രൂപംപ്രാപിച്ച സി. എസ്. ഐ സഭ മുതലായ സഭകളും ഈ സമ്മേളനത്തിൽ പ്രതിനിധികളെ അയച്ചുകഴിഞ്ഞു. അമേരിക്കൻ യൂണൈറ്റഡ് സ്റ്റേറ്റ്സിൽനിന്നുതന്നെ 32 സഭകൾ കൗൺസിലിന്റെ അംഗത്വംവഹിക്കുന്നു. ഈ സഭകളെല്ലാംതന്നെ, ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ്, ജർമ്മനി, ഹോളണ്ട്, സ്കാൻഡിനേവ്യൻരാജ്യങ്ങൾ, പോളൻഡ്, റഷ്യ, റുമാനിയാ, സിറിയാ മെസപ്പോട്ടേമിയ, ഇങ്ങനെ യൂറോപ്പിൽനിന്നുചെന്നു താമസിച്ചവരുടെ സന്താനപരമ്പരകളെ ഉൾക്കൊള്ളുന്നവയാകയാൽ അവിടങ്ങളിലുള്ള മാതൃസഭകളോട്, ഈ അമേരിക്കൻസഭകൾ സാമ്യം വഹിക്കുന്നു. 1948—ൽ കൗൺസിൽ സ്ഥാപിതമായതുമുതൽ അതിന്റെ ഓണററി പ്രസിഡണ്ടായിരുന്നിട്ടുള്ളതു് ലോകപ്രസിദ്ധനായ ഡോക്ടർ. ജോൺ ആർമോട്ടാണ്. അദ്ദേഹത്തിന്റെ ലോകവ്യാപകപ്രവർത്തനങ്ങളുടെ നിത്യസ്മാരകങ്ങളായി പരിലസിക്കുന്ന, അഖിലലോക വിദ്യാർത്ഥി പ്രസ്ഥാനം (World Student Federation) വൈ. എം. സി. എ., വൈ. ഡബ്ളിയു സി. എ, മുതലായ ലോകസംഘടനകളുടെ ഫെഡറേഷൻ, മുതലായവ അഖിലലോകസഭാകൗൺസിൽ രൂപമെടുക്കുന്നതിനു് കളമൊരുക്കുകയായിരുന്നു, ഈ സംഘടനകൾ ലോകസമാധാനത്തിനു് പ്രയത്നിക്കുന്ന സുപ്രധാനഘടകങ്ങളായി വർത്തിക്കുന്നതിനെ പരിഗണിച്ചാണ് വയോവൃദ്ധനായ ഡോക്ടർ മോട്ടിനു് നോബേൽസമ്മാനം നൽകിയതു്. ഇപ്പോൾ അഖിലലോകസഭാ ഐക്യപ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കുന്ന സുപ്രസിദ്ധന്മാരായ ഡോക്ടർ ക്രേയ്മർ, വിസ്സേർട്ട് ഹൂഫ്റ്റു്, ഡോക്ടർ ഹെൻറിസ്മിത്ത് ലെയിപ്പർ, ഡോക്ടർ ജോൺ. എ. മക്കേ മുതലായ പലരും, ക്രിസ്ത്യൻ വിദ്യാർത്ഥിപ്രസ്ഥാനത്തിൽ മഹത്തേറിയ പങ്കുകൾവഹിച്ചിട്ടുള്ളവരാണ്. ആ കൂട്ടത്തിൽ ലോകസഭാകൗൺസിലിലെ ആറു പ്രസിഡണ്ടന്മാരിൽ ഒരാളായിരുന്നു, സുപ്രശസ്തമായ സേവനം നിർവഹിച്ച് ഈയിടെ ലക്നൗവിൽവച്ചു അകാലചരമംപ്രാപിച്ച ഡോക്ടർ സാറാചാക്കോയും ഉൾപ്പെടുന്നു. ഗ്രീക്ക് സഭയിലെ ആർച്ചുബിഷപ്പ് അഥനഗോറാസാണ് ആറു പ്രസിഡണ്ടന്മാരിൽ മറ്റൊരാൾ. ഇദ്ദേഹം, ആദ്യം പ്രസിഡണ്ടായിരുന്ന ഗ്രീക്ക് ആർച്ചുബിഷപ്പ് ജർമാനോസിന്റെ ചരമത്തിനുശേഷം പ്രസിഡണ്ടുസ്ഥാനത്തേക്കു പ്രവേശിച്ചതാണ്. ഡോക്ടർ സാറാചാക്കോയുടെ സ്ഥാനത്തു് ഇപ്പോൾ പ്രസിഡണ്ടായിരിക്കുന്നതു ഇവിടത്തെ സി. എസ്. ഐ. യുടെ മെത്രാനായ ബിഷപ്പു ജയിക്കബ് തിരുമേനിയാണെന്നുള്ളതും ഭാരതീയർക്കു പ്രത്യേകിച്ചു കേരളീയർക്കു അഭിമാനകരമായ സംഗതിയാണ്.

---

### ഒരു പട്ടംകൊട

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായിരിക്കുന്ന ഡോക്ടർ കെ. സി. ജോസഫ് ശെമ്മാശ്ശനു് ഇക്കഴിഞ്ഞ വെള്ളിയാഴ്ച 9 മണിക്കു യൂണിയൻ കോളേജ്

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# ബാബേലോ യരുശലേമോ?

എം. ററി.

"വരുവിൻ, നാം ഭൂതലത്തിൽ ഒക്കെ
യും ചിതറിപ്പോകാതിരിപ്പാൻ ഒരു പ
ട്ടണവും ആകാശത്തോളം എത്തുന്ന ഒരു
ഗോപുരവും പണിക, നമുക്കൊരു പേ
രുമുണ്ടാക്കുക എന്നവർ പറഞ്ഞു.........
അതിനു ബാബേൽ എന്നു പേരായി."
(ഉൽപ്പത്തി 11:14)

"അവൻ എന്നെ ആത്മവിവശത
യിൽ ഉയർന്നോരു വന്മലയിൽകൊണ്ടു
പോയി, യെരുശലേമെന്ന വിശുദ്ധ
നഗരം സ്വർഗ്ഗത്തിൽനിന്നു്, ദൈവ
സന്നിധിയിൽനിന്നുതന്നെ, ദൈവതേ
ജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചത
ന്നു." (വെളിപ്പാട് 21:10)

ഇവിടെ ഉദ്ധരിച്ചിട്ടുള്ള ആദ്യത്തെ
വാക്യം വേദപുസ്തകത്തിലെ ഒന്നാമത്തെ
പുസ്തകത്തിൽ നിന്നും രണ്ടാമത്തെ വാ
ക്യം വേദപുസ്തകത്തിലെ അവസാന
ത്തെ പുസ്തകത്തിൽ നിന്നുമാണ് എടു
ത്തിട്ടുള്ളതു്. രണ്ടു വാക്യങ്ങളുടേയും
സാരവും അന്തരവും സൂക്ഷിച്ചുനോക്കി
യാൽ വേദപുസ്തകത്തിൽ രേഖപ്പെടു
ത്തിയിട്ടുള്ള ദിവ്യപ്രവർത്തനം മനുഷ്യ
ജീവിതത്തിൽ എന്തു സാധിച്ചുഎന്നു
മനസ്സിലാക്കുവാൻ കഴിയും. ആകാശ
ത്തോളം എത്തുന്ന ഗോപുരം പണിതു
പേരും പ്രശസ്തിയും സമ്പാദിച്ചമനുഷ്യ
നെ അവൻെറ അഹംഭാവമനോഭാവ
ത്തിൽനിന്നുരക്ഷിച്ച് ദൈവത്തിൻെറ
ഉദ്ദേശം കണ്ടുതിരിച്ചറിയുവാൻ ആവ
ശ്യമായ വിനയവും ദർശനവും അവ
നു നൽകുകയാണ് ദൈവം ചെയ്തിട്ടുള്ള
തു്. ആദ്യത്തെ വാക്യത്തിൽ ആദ്യാ
വസാനം മനുഷ്യൻെറ സ്വാർത്ഥതയാ
ണ് പ്രകടമായിട്ടുള്ളതു്. "നാം....നമു
ക്കായി... പണിയുക....നമുക്കൊരു പേ
രുണ്ടാക്കുക ..." രണ്ടാമത്തെ വാക്യ
ത്തിൽ സ്വാർത്ഥതയുടെ ലേശംപോലും
കാണുന്നില്ല. 'അവൻ എന്നെ യെ
രുശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗ
ത്തിൽനിന്ന് ഇറങ്ങുന്നതു കാണിച്ചത
ന്നു. മനുഷ്യൻെറ നേട്ടവും ദൈവ
ത്തിൻെറ ഉദ്ദേശവും തമ്മിലുള്ള അന്ത
രമാണ് നാമിവിടെ കാണുന്നതു്. രണ്ടു
വിഭിന്ന മനോഭാവങ്ങളാണ് ഇവിടെ
പ്രത്യക്ഷപ്പെടുന്നതു്. ഒന്നാമത്തേതു്
സ്വന്തമിഷ്ടമനുസരിച്ചു മനുഷ്യൻ ചില
തെല്ലാം ചെയ്യുകയും അതിനുദൈവത്തി
ൻെറ അംഗീകാരം ലഭിക്കണമെന്നാഗ്ര
ഹിക്കുകയും ചെയ്യുന്ന മനോഭാവം.
രണ്ടാമത്തേതു് ദൈവത്തിൻെറ ഹിതം
എന്താണെന്നു കണ്ടിട്ടു് അതുപ്രവർത്തി
ക്കുവാൻ സന്നദ്ധമായിട്ടുള്ള മനോഭാവം.
ഉൽപ്പത്തിപ്പുസ്തകത്തിൽ ഗോപുരം ഭൂ
മിയിൽനിന്നുയരുന്നു. അതിൻെറ ഉ
ത്ഭവം മനുഷ്യൻെറ മനസ്സിൽനിന്നാ
ണ്. വെളിപ്പാടു പുസ്തകത്തിലെ വി
ശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്നിറങ്ങി
വരികയാണ് ചെയ്യുന്നതു്. അതിൻെറ
ഉൽഭവം ദൈവത്തിൻെറ മനസ്സിൽനി
ന്നാണ്. ദൈവത്തെക്കൂടാതെ മനു
ഷ്യൻ കെട്ടിപ്പടുക്കുന്ന പട്ടണവും ഗോ
പുരവുമാണ് ബാബേൽ. അതിൽനി
ന്നു വിഭിന്നമാണ് ദൈവനിർമ്മിതമാ
യ സ്വർഗ്ഗീയ യരുശലേം.

അ ല ങ്കാ രഭാഷവിട്ടിട്ടു് ലോ
ക ച രി ത്ര ത്ത ി ലേ ക്കു
കടന്നു നമുക്കു ചിന്തിക്കാം. ചരിത്ര
കാരന്മാർ പറയുന്നതു് ഇരുപത്തൊന്നു
civilizations ഭൂമിയിൽ ഇതുവരെ
ഉദിച്ചുയർന്നിട്ടുണ്ടെന്നും അതിൽ പതി
ന്നാലെണ്ണം അസ്തമിച്ചുപോയിട്ടുണ്ടെ
ന്നുമാണ്. ഒരു കാലത്തു് ലോകം മു
ഴുവനും അടക്കി ഭരിച്ചിരുന്ന റോമാ
യവനായ സംസ്കാരങ്ങൾ ഇപ്പോൾ
വെറും നാമങ്ങൾ മാത്രമാണ്. ഇന്ന
ത്തേ പാശ്ചാത്യ നാഗരികത്വം അവയേ
പ്പോലെ കുറേ നാളുകൾക്കുള്ളിൽ അസ്ത
മിച്ചുപോകയില്ലെന്നു് ആർക്കു പറയാ
ൻ കഴിയും? ശാസ്ത്രീയപുരോഗതികൊ
ണ്ടു ലഹരി പിടിച്ച മനുഷ്യൻ "അത്യു
ന്നതങ്ങളിൽ ദൈവത്തിനു മഹത്വം"
എന്നു പാടുന്നതിനു പകരം "അത്യുന്ന
തങ്ങളിൽ മനുഷ്യനു മഹത്വം. അവൻ
ഭൂതലത്തെ മുഴുവൻ അടക്കി ഭരിക്കു
ന്നു." എന്നാണ് ഇപ്പോൾ പാടുന്ന
തു്. എന്നാൽ ചരിത്രദൃഷ്ട്യാ നോക്കു
മ്പോൾ മനുഷ്യൻെറ ഈ ഔന്നത്യമ
നോഭാവം അർത്ഥശൂന്യമാണെന്നു മന
സ്സിലാക്കുവാൻ കഴിയും. റോമാസാ
മ്രാജ്യത്തിൻെറ അതിരററ ശക്തിയെ
പ്രതിനിധീകരിച്ചിരുന്ന പീലാത്തോ
സിൻെറ മുമ്പിൽ നിസ്സഹായനായി
ട്ടാണ് യേശു നില കൊണ്ടതു്. ആ
കാലഘട്ടത്തിന്മേൽ ചരിത്രം എഴുതിയ
വിധി എന്താണെന്നു നോക്കുക. റോ
മാസാമ്രാജ്യം നാമാവശേഷമായി. പീ
ലാത്തോസിനു യേശുവിനെ വിസ്തരി
ക്കുവാനുള്ള ഭാഗ്യമുണ്ടാകാതിരുന്നെങ്കി
ൽ അദ്ദേഹത്തിൻെറ പേരു് ഇന്നാരും
കേൾക്കുകയില്ലായിരുന്നു. എന്നാൽ കു
ററം വിധിക്കപ്പെട്ട നസറേത്തിലെ ത
ച്ചൻ ഇന്നും ലോകത്തെ ഭരിക്കുന്നു.
മനുഷ്യൻെറ സ്വയം പര്യാപ്തതയുടെ
ദീപസ്തംഭങ്ങളെല്ലാം ഒന്നിനു പുറകേ
ഒന്നായി നിലംപതിച്ചുകൊണ്ടിരിക്കു
ന്നു. ഇന്നത്തെ നാഗരികത്വത്തിൻെറ
യും ഭാവി അതുതന്നെ ആയിരിക്കും
എന്നനുമാനിക്കുന്നതിൽ വലിയ തെററു
ണ്ടാവുകയില്ല. ഇന്നത്തെ ന്യൂയോർ
ക്കും, ലണ്ടനും, പാരീസും, മോസ്കോ
യുമെല്ലാം നിത്യമായി നിലനിൽക്കു
മെന്നു് ആരും വ്യാമോഹിക്കേണ്ടാ.
ദൈവത്തിൻെറ ഉദ്ദേശങ്ങൾ മാത്രം
നിത്യമായി നിലനിൽക്കും.

മതം ഒരുമയക്കുമരുന്നാണെന്നു പറയ
പ്പെട്ടിട്ടുണ്ടു്. എന്നാൽ ലോകജീവിതത്തി
ലേക്കു് സൂക്ഷിച്ചുനോക്കിയാൽ ഇന്നു

---

ചാപ്പലിൽവച്ചു നി. വ. ദി. ശ്രീ മാർ
തീമോത്തിയോസു തിരുമേനിയുടെ പ്ര
ധാന കാർമ്മികത്വത്തിൽ കശ്ശീശാ
സ്ഥാനം നൽകിയിരിക്കുന്നു. ഏതാനും
വർഷങ്ങൾക്കു മുമ്പ് ഇവിടത്തെ കാ
തോലിക്കാ സ്ഥാപനത്തിൻെറ മഹിമ
യെയും മലങ്കര സഭാസ്വാതന്ത്ര്യത്തെയും
പററി തനിക്കുള്ള ഉത്തമബോദ്ധ്യങ്ങൾ
ക്കനുസരണമായി പ്രവർത്തിക്കണമെന്നു
ള്ള അന്തഃകരണ പ്രചോദനത്താൽ ആ
ദരിച്ചു കാതോലിക്കാ പക്ഷത്തേക്കു ചേ
ർന്ന മാർ. തീമോത്തിയോസ് തിരുമ
നിയുടെക്രുടെവടക്കുള്ള പലപ്രധാനകുടും
ബങ്ങളും ആ ധീരനടപടിയിൽ പങ്കു
കൊള്ളുകയുണ്ടായിട്ടുണ്ട്. അങ്ങിനെ
ആ പ്രസ്ഥാനത്തിൽ സുധീരം സഹക
രിച്ച കുത്താട്ടുകുളത്തു സമീപമുള്ള കു
ററിപ്പാലക്കൽ കുടുംബാംഗമായ ഡോക്ട
ർ കെ. സി. ജോസഫ് ശെമ്മാശ്ശൻ
അമേരിക്കയിലും, ഇംഗ്ലണ്ടിലും വൈദി
ക പഠനവും മററും കഴിഞ്ഞ ശേഷം
നാട്ടിൽ തിരിച്ചെത്തിയിട്ടു് അധികവ
ർഷങ്ങളായിട്ടില്ല. ഇപ്പോൾ പുരോഹി
ത സ്ഥാനത്തേക്കു പ്രവേശിച്ചിരിക്കുന്ന
ഡോക്ടർ ജോസഫ് അച്ചൻ അവർക
ളുടെ കഴിവുകളും, സേവനതല്പരതയും
അഭിപ്രായധീരതയും സുറിയാനിസഭ
ക്കു് പ്രയോജനകരമായിത്തീരട്ടെയെന്നു
പ്രാർത്ഥിക്കുകയും, ചർച്ചവീക്ക്‌ലിയു
ടെ ഉപദേശകസമിതിയിലെ ഒരുപ്രധാ
ന അംഗവും അതിൻെറ നടത്തിപ്പിൽ
സജീവതാല്പര്യവും പ്രദർശിപ്പിച്ചുകൊ
ണ്ടിരിക്കുന്ന ദേഹവുമായ അദ്ദേഹത്തി
നു് ഭാവുകങ്ങൾ അശംസിക്കുകയുംചെ
യ്തുകൊള്ളുന്നു.

ത്തെ ഭൗതികസംസ്കാരമാണ് യഥാർത്ഥത്തിൽ മയക്കമരുന്നെന്നു കാണാവുന്നതാണ്. മനുഷ്യൻ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടവനാണ്. അവൻ ദൈവത്തെ ഉപേക്ഷിച്ച് ലോകം തരുന്ന കാര്യങ്ങളിൽ തൃപ്തിയടയുവാൻ ശ്രമിച്ചാൽ ഫലം അന്തമില്ലാത്ത അസംതൃപ്തിയായിരിക്കും. ആകാശത്തോളം എത്തുന്ന കോട്ടകൾ പണിയുവാൻ അവനു കഴിഞ്ഞേക്കാം. അമേരിക്കയിൽ 102 നിലയുള്ളതും 1200 അടി ഉയരമുള്ളതുമായ കെട്ടിടങ്ങൾ ഉണ്ട്. ഏകദേശം മുപ്പതിനായിരം ആളുകൾക്കു അധിവസിക്കത്തക്ക വിസ്താരമുള്ള ഒററക്കെട്ടിടം ഉണ്ട്. മനുഷ്യൻ എന്താണു സാധിച്ചിട്ടില്ലാത്തത്. എന്നാൽ ഇതെല്ലാം ഒരു നിമിഷത്തിനുള്ളിൽ ഭസ്മമാക്കാനുള്ള സാദ്ധ്യതയും അവൻ സംഭരിച്ചു കഴിഞ്ഞു. ഇതിന്റെയെല്ലാം ഫലം ഭയവും അസമാധാനവും അന്യോന്യമുള്ള അവിശ്വാസവുമാണ്. ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങളെല്ലാം നല്ലതുതന്നെ. എന്നാൽ അവയെ ദൈവത്തിന്റെ ഹിതമനുസരിച്ചും ദൈവത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടിയും വിനിയോഗിച്ചില്ലെങ്കിൽ അവ മനുഷ്യജാതിയുടെ സംഹാരത്തിനുള്ള ഉപാധികളായി പരിണമിക്കും.

ഇന്നത്തെ ഭൗതികസംസ്കാരം അനിത്യമായ കാര്യങ്ങളിലേക്കു നമ്മുടെ ശ്രദ്ധയെ ആകർഷിച്ച് നമ്മെ അവയ്ക്കു് അടിമപ്പെടുത്താതിരിക്കാൻ നാം വളരെ സൂക്ഷിക്കണം. നിത്യമായതു് ദൈവവും ദൈവത്തിന്റെ പരമോദ്ദേശങ്ങളുമാണെന്നു് നാം ഒരിക്കലും വിസ്മരിക്കരുതു്. തമ്മിൽ തമ്മിൽ സ്നേഹിച്ചും സഹായിച്ചും ദൈവത്തിന്റെ വേല ചെയ്തുകൊണ്ടു നാമോരോരുത്തരും നമ്മുടെ ഓരോ നിമിഷവും ദൈവം നമ്മെ ആക്കിവച്ചിരിക്കുന്ന സ്ഥാനങ്ങളിൽ വിശ്വസ്തതയോടുകൂടി ജീവിക്കണം. സ്വർഗ്ഗീയയെരുശലേം— ആ നിത്യ നഗരം—നമ്മുടെ ദർശനത്തിൽ സദാ നാം കാണണം. അതു മരണാനന്തരമുള്ള ഒരു അവസ്ഥയായി മാത്രം നാം ധരിക്കരുതു്. അതു് ഈ ലോകത്തിൽ തന്നെ നമ്മുടെ അനുദിനജീവിതത്തിലെ ഒരു യാഥാർത്ഥ്യമായി നാം കാണണം. നമ്മെ സംബന്ധിച്ചും നമ്മുടെ സഹോദരവർഗ്ഗത്തെ സംബന്ധിച്ചും ദൈവത്തിനുള്ള പ്ലാൻ എന്താണെന്നറിഞ്ഞ് അതനുസരിച്ചു ജീവിക്കുകയാണ് നമ്മുടെ കർത്തവ്യം. നിത്യമായ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ദൈവത്തിന്റെ ശബ്ദം കേട്ടുകൊണ്ട് തന്നോടു ചേർന്നു പ്രവർത്തിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ചില പൂർവ്വികസഭായോജിപ്പുകൾ

എം. സി. കുറിയാക്കോസ് റമ്പാൻ

കാനോൻ 7-ാം അധ്യായം രണ്ടാം ഭാഗത്തു് മാബൂഗിന്റെ പീലക്സിനോസ് എന്ന ഖണ്ഡിക "വിശ്വാസത്തെ ഇളക്കുന്ന നിർബന്ധബുദ്ധി ശാപകരമാകുന്നു. അതിനെ നിലനിർത്തുന്നതും സഭയെ നിരപ്പാക്കുന്നതുമായ ഭരണം നല്ല കൃത്യം ആകുന്നു. ദൈവം അതിൽ പ്രസാദിക്കുന്നു. യൂദന്മാരെ നേടേണ്ടതിനു യൂദന്മാരോടുകൂടെ യൂദനെപ്പോലെയും മിശിഹായുടെ ന്യായപ്രമാണത്തിലല്ലാതെ ദൈവത്തിങ്കൽ ഞാൻ ന്യായപ്രമാണം ഇല്ലാത്തവനല്ലാതിരിക്കെ ന്യായപ്രമാണം ഇല്ലാത്തവർക്കു് ന്യായപ്രമാണം ഇല്ലാത്തവനെപോലെയും ഞാൻ ആയിത്തീർന്നു എന്നു ഭാഗ്യവനായ പൗലൂസ് പറഞ്ഞിരിക്കുന്നു. വിശ്വസിച്ച ശേഷം ചേലയേററ ഗലാത്യരെ ലജ്ജിപ്പിക്കുമാറു്, നിങ്ങൾ ചേലയേററാലും മശിഹാ നിങ്ങൾക്കു യാതൊരു പ്രയോജനവും വരുത്തുന്നില്ല എന്നു പറഞ്ഞ അദ്ദേഹം തീമോത്തിയോസിനെ എടുത്തശേഷം അവന്റെ പിതാവു പുറജാതിക്കാരനാണെന്നു അറിഞ്ഞിരുന്ന ആ ദേശക്കാരനായ യൂദന്മാർക്കുവേണ്ടി അവനെ ചേല ചെയ്തു. അപ്രകാരംതന്നെ നമ്മുടെ പിതാക്കന്മാരും വളരെ താണ് അനേകം വിശ്വാസവിപരീതിയെയും കുററക്കാരെയും സ്വീകരിച്ചിട്ടുണ്ട്. അന്ത്യോക്യാ ഒക്കയിന്മേലും പാത്രിയർക്കീസായിരിപ്പാൻ അറിയോസുകാരൻ പട്ടം കൊടുത്ത മിലീത്തീസിനെ അവർ സ്വീകരിച്ചു. ഗ്രീഗോറിയോസ് തേവോലോഗോസിന്റെ പിതാവായ ഗ്രീഗോറിയോസിനു് എതിരായി വാഴിക്കപ്പെട്ട രണ്ടു എപ്പിസ്ക്കോപ്പന്മാരെക്കുറിച്ച് ഞങ്ങൾ ശത്രുക്കളോടെന്ന പ്രകാരം അവരിൽ നിന്നു ഞങ്ങളുടെ മുഖത്തെ തിരിച്ചില്ല, എന്നാലോ സഹോദരന്മാരെപോലെ ഞങ്ങൾ അവരെ സ്നേഹിച്ചു എന്നു തേവോലോഗോസ് പറഞ്ഞിരിക്കുന്നു. അന്ത്യോക്യായുടെ യൂഹാനോനും അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്ന മുപ്പത്താറു എപ്പിസ്ക്കോപ്പന്മാരും പരിശുദ്ധനായ കുറിലോസിന്റെ മുടക്കിൽ ഇരിക്കുമ്പോൾ ധിക്കരിച്ച് കർമ്മങ്ങൾ നടത്തിയെങ്കിലും, അവർ ഹാലബികാരൻ ആക്കോക്കിന്റെ വിശ്വാസവിപരീതത്തെ ശപിച്ചപ്പോൾ പരിശുദ്ധനായ കുറിലോസ് തിരിഞ്ഞു് അവരെ സ്വീകരിച്ചു. എവുദർക്കസിയോബൊ എന്ന അറിയോസ്കാരനാൽ അഭിഷേകം ചെയ്യപ്പെട്ട അനേകം പൗരസ്ത്യർ വീണ്ടും അഭിഷേകം ചെയ്യപ്പെട്ടു, ശുദ്ധീകരിക്കപ്പെടാതെ ഓർത്തോഡോക്സുകാരാൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇരുസ്വഭാവവിശ്വാസവിപരീതത്തിൽനിന്നും തിരിച്ചുവരുന്ന എപ്പിസ്ക്കോപ്പന്മാരും കശീശന്മാരും ശെമ്മാശന്മാരും വീണ്ടും പട്ടം കൊടുക്കപ്പെടുകയോ മാമോദീസാ മുഴുകുകയോ വേണ്ട, എന്നാലോ അവർ അതിൽ നിന്നും പിന്തിരിഞ്ഞു എന്നു വിശ്വാസവിപരീതത്തെ ശപിച്ചാൽ മതി എന്നും അവരുടെ അനുതാപകാലംതികയുമ്പോൾ അവരുടെ ക്രമത്തിൽ നിന്നുകൊണ്ടുതന്നെ അവരുടെ പദവിപ്രകാരമുള്ള കർമ്മങ്ങൾ നടത്താം എന്നും സഭയുടെ സമാധാനത്തിനുവേണ്ടി പരിശുദ്ധനായ സേവേറിയോസ് കല്പിച്ചിരിക്കുന്നു."

മലങ്കരസഭയുടെ യോജിപ്പിനുവേണ്ടി ആലോചനകൾ നടത്തുന്നവരുടെ ശ്രദ്ധയ്ക്കു് ഇതു വിഷയീഭവിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. മേല്പറഞ്ഞ പിതാക്കന്മാരിൽ വ്യാപരിച്ച ദൈവാത്മാവു് അവരിലും വ്യാപരിച്ച് യോജിപ്പു കൈവരുത്തുവാൻ അതിൽ ആകാംക്ഷയുള്ള എല്ലാവരും, വിശിഷ്യാ പീസ്സലീഗുകാരും, പ്രാർത്ഥിക്കട്ടെ: കഴിയുമെങ്കിൽ നോമ്പോടെ പ്രാർത്ഥിക്കട്ടെ. വയോവൃദ്ധന്മാരായ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയെയോ മാർ യൂലിയോസ് തിരുമേനിയെയോ മനഃപ്രയാസപ്പെടുത്തുന്ന സത്യാഗ്രഹം, നോമ്പോടും പ്രാർത്ഥനയോടുകൂടിയതായാലും നന്നല്ല. സ്വയശുദ്ധീകരണത്തിനുള്ള നോമ്പും നമസ്കാരവും അങ്ങനെ ദുരുപയോഗപ്പെടുത്തുന്നതു "വേദശാസ്ത്രപ്രകാരം ശരിയാണോ" എന്നു ബ. എം. വി. ജോർജ്ജ് ശെമ്മാശനോടു ചേർന്നു ഞാനും ചോദിക്കുന്നു.

# വേദവായനക്കുറിപ്പുകൾ

**തിങ്കൾ. റോമർ 8.18—25.**

ശീതരാജ്യത്ത് അതിശൈത്യമുള്ള രാത്രിയിൽ ആഗതരെ പ്രതീക്ഷിച്ച് അധികമാളുകൾ തീവണ്ടിസ്റ്റേഷനിലും മററും തടിച്ചുകൂടി എന്നു വരുന്നതല്ല. എങ്കിലും ഒരുവർഷം മുമ്പ് അങ്ങനെയുള്ള ഒരു സ്റ്റേഷനിൽ ഒരു വലിയസംഘം ആളുകൾ കൂടിയിരുന്നു. എന്തിനു്?. വിദേശത്തുള്ള തടവു ക്യാമ്പിൽ നിന്നു രക്ഷപ്പെട്ടുവരുന്ന ഒരു ക്രൈസ്തവകുടുംബത്തെ സ്വാഗതം ചെയ്യുവാൻ. അതേ ക്രൈസ്തവ കൂട്ടായ്മയുടെ ഉദാരശ്രമത്താൽ രക്ഷപ്പെട്ടുവരുന്ന ഒരു കുടുംബത്തെ തന്നെ. രാജാധിരാജനെ അറിഞ്ഞ ഒരു കുടുംബത്തെ ഇരുമ്പുമറയുടെ പിന്നിലുള്ള കരാളദംഷ്ട്രത്തിൽ നിന്നു രക്ഷിക്കുവാൻ അവിടെയുള്ള സഭാംഗങ്ങൾ അവരുടെ സ്നേഹകരങ്ങൾ നീട്ടിക്കൊടുത്തു. തീവണ്ടി ഇരമ്പിപാഞ്ഞുവന്നു സ്റ്റേഷനിൽ നിന്നപ്പോൾ വൈദേശികഭാഷ മാത്രം സംസാരിച്ചു പരിചയമുള്ള ആ കുടുംബം അവിടെ ഇറങ്ങി. അവരുടെ നന്ദിപ്രകടനം കേട്ട സ്വീകരണക്കമ്മിററി അംഗങ്ങൾ നനഞ്ഞ കണ്ണുകളോടു കൂടെയാണു് അവരെ സ്വാഗതം ചെയ്തതു്. ഒരു സഭാംഗം അപ്പോൾ പറഞ്ഞു. ദൈവത്തിന്റെ കീഴിലുള്ള സ്വാതന്ത്ര്യം മാത്രമാണു മനുഷ്യനുള്ള ഏകസ്വാതന്ത്ര്യം എന്നുള്ളതിനു് എനിക്കു സംശയമില്ല. മനുഷ്യന്റെ മനസ്സിനും ശരീരത്തിനും അവരണ്ടിനുമുപരിയായി മനുഷ്യാത്മാവിനും ആവശ്യമായ സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമൂലം യേശുക്രിസ്തു മാത്രമാകുന്നു.

യേശുക്രിസ്തു നമ്മെ സ്വതന്ത്രരാക്കുമ്പോൾ നാം യഥാർത്ഥസ്വാതന്ത്ര്യം ആസ്വദിച്ചു തുടങ്ങുന്നു.

**ചൊവ്വാ. ഗലാത്യ. 5, 13—18**

കായലിന്റെ ഒരു മൂലയിൽ കെട്ടിയിട്ടിരുന്ന ഒരു വഞ്ചികെട്ടഴിഞ്ഞു് കാററിന്റെ ഗതിയനുസരിച്ച് മറെറാരു കരപററി എന്നു ചിന്തിക്കുക. എന്നുതന്നെയല്ല കാററിന്റെ ശക്തിമൂലം കരയരികിലുള്ള പാറക്കെട്ടിൽ ആ ജലവാഹനം കൂടെക്കൂടെ അടിച്ചുകൊണ്ടിരിക്കുന്നു എന്നും ഭാവനയിൽ കൂടെ കാണുക. കാററു ശമിച്ചപ്പോൾ അതിന്റെ ഉടമസ്ഥൻതന്റെ അയൽക്കാരന്റെ വള്ളത്തിലേക്കു കയറി സ്വന്തവഞ്ചി അന്വേഷിച്ചിറങ്ങും. സംശയമില്ല. രണ്ടുവള്ളങ്ങൾ സ്വാതന്ത്ര്യത്തെപ്പററിയുള്ള രണ്ടാശയങ്ങൾ പ്രതിനിധീകരിക്കുന്നുണ്ടു്. അവയിലാദ്യത്തേതു് നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം—ഇഷ്ടമനുസരിച്ചു പോകുന്നതിനുള്ള സ്വാതന്ത്ര്യം ദ്യോതിപ്പിക്കുന്നു. പലരുടേയും ജീവിതത്തിൽ ഇപ്രകാരമുള്ള സ്വാതന്ത്ര്യമാണു നാം കണ്ടുവരാറുള്ളതു്. നൈമിഷിക വികാരങ്ങൾക്കു വിധേയമായി സാഹചര്യങ്ങളുടെ സമ്മർദ്ദമനുസരിച്ച് അവർ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തെ വഞ്ചി നിയന്ത്രണവിധേയമായ ജീവിതത്തെയത്രേ ദ്യോതിപ്പിക്കുന്നതു്. മനുഷ്യജീവിതം ഏതു ലക്ഷ്യത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ ആ ലക്ഷ്യം നിറവേററിക്കൊണ്ടു് അവരുടെ ജീവിതം മുമ്പോട്ടു പോകുന്നു. ക്രിസ്തു നമ്മുടെ നായകനാകുവാൻ നാം അനുവദിക്കുമ്പോൾമുതൽ ശരിയായവിധത്തിലുള്ള സ്വാതന്ത്ര്യം നാം അനുഭവിച്ചുതുടങ്ങുന്നു.

ഞാനേതുപ്രകാരത്തിലുള്ള സ്വാതന്ത്ര്യമാണു കാംക്ഷിക്കുന്നതു്. എനിക്കിഷ്ടമുള്ളതു പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യമോ അതോ, ഞാൻ പ്രവർത്തിക്കേണ്ടതു് പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യമോ?

**ബുധൻ ഫിലിപ്പിയർ 2: 12—16.**

ദൈവത്തിന്റെ തിരുവിഷ്ടം നിറവേററുന്നതിനുള്ള സ്വാതന്ത്ര്യമാണു പരിഗണനാർഹമായ സ്വാതന്ത്ര്യം. ഒരവസരത്തിൽ ഒരു മനുഷ്യൻ തന്റെ ഒരു സുഹൃത്തിനേപ്പററി സ്വഭാര്യയ്ക്കു ഈ വിധം എഴുതുകയുണ്ടായി. “ആ സുഹൃത്തു് എല്ലാപ്രകാരത്തിലും ഉത്തമനായ ഒരുവനാണു്. അവന്റെ ജീവിതത്തിൽ ദൈവം തീർച്ചയായും അതീവസന്തുഷ്ടനായിരിക്കണം” നാം ദൈവത്തിന്റെ തിരുവിഷ്ടം നിറവേററുന്നു എങ്കിൽ അതു് ദൈവത്തിനു് ആനന്ദമുളവാക്കുന്നതായിരിക്കും. തിരുവിഷ്ടം നിറവേററുകയാണു നമ്മുടെ യഥാർത്ഥസ്വാതന്ത്ര്യവും. യേശുതമ്പുരാൻ കല്പിച്ചു “എന്നെ അയച്ചവന്റെ ഇഷ്ടം നിറവേററുന്നതു് എനിക്കു ഭക്ഷ്യവും പാനീയവുമാകുന്നു.” പിതാവാം ദൈവംതന്നെക്കുറിച്ചു് അരുളിച്ചെയ്തു. “ഇതാ എന്റെ പ്രിയപുത്രൻ; അവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു.” ക്രിസ്തു നമ്മുടെ ജീവിതത്തെ അടക്കിഭരിക്കുവോളം നാം സ്വതന്ത്രരായിത്തീരുന്നില്ല. ബന്ധനസ്ഥനു വിടുതൽ കൊടുക്കുവാൻ പ്രാപ്തിയുള്ളവൻ താൻ മാത്രമാകുന്നു. സ്വാർത്ഥതയുടേയും പാപത്തിന്റേയും ദാസ്യത്തിൽ നിന്നു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കുവോളം നമുക്കു് അനുഗ്രഹമുണ്ടെങ്കിലും ശരിയായതു പ്രവർത്തിക്കുവാനുള്ള ശക്തിയില്ലെന്നു് അപ്പോസ്തലൻ പറയുന്നതു നമ്മെപ്പററി ശരിയത്രേ. ക്രിസ്തുവിൽ നാം പൂർണ്ണമായി വിശ്വസിക്കുന്നുവെങ്കിൽ ശൃംഖലകൾ അഴിഞ്ഞു നാം പൂർണ്ണസ്വതന്ത്രരായിത്തീരുന്നു.

**വ്യാഴം. കൊലോസ്യർ 3: 14—17**

ഒരു രാത്രിയിൽ ഒരു സുവിശേഷപ്രസംഗകൻ ഏകനായി വനത്തിൽകൂടെ യാത്ര ചെയ്യുകയായിരുന്നു. പെട്ടെന്നു രണ്ടു കള്ളന്മാർ പ്രത്യക്ഷപ്പെട്ടു ‘ഒന്നുകിൽ നിന്റെ പണം അല്ലെങ്കിൽ നിന്റെ ജീവൻ’ എന്നു പറഞ്ഞു. എന്റെ ജീവനോ? അദ്ദേഹം പ്രതിവചിച്ചു. “അതു ക്രിസ്തുവോടുകൂടെ ദൈവത്തിൽ സുരക്ഷിതമത്രെ” യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു മനുഷ്യനും നശിച്ചുപോകുവാൻ സാധ്യമല്ലെന്നുള്ള സത്യം പൌലൂസ് അപ്പോസ്തലൻ മേല്പദ്ധരിച്ച ലേഖനഭാഗം എഴുതിയതിനുശേഷം ഇന്നേവരെ ക്രിസ്തുവിന്റെ അനേകലക്ഷം അനുയായികൾ ഗ്രഹിച്ചിട്ടുള്ള ഒരു യാഥാർത്ഥ്യമത്രെ. ശരീരം നാശവിധേയമാണെങ്കിലും യഥാർത്ഥജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ സുരക്ഷിതമാകുന്നു. ഭയംമൂലം മനുഷ്യഹൃദയങ്ങൾ നുറുങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്നേഹസമ്പൂർണ്ണനായ ഒരു ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം എല്ലാപ്രകാരത്തിലും ആവശ്യമാകുന്നു. എന്തെല്ലാം സംഭവിച്ചാലും ദൈവതിരുവിഷ്ടപ്രകാരം നയിക്കപ്പെടുന്ന ഒരു ജീവിതത്തിനു നാശം ഭവിക്കുക സാധ്യമല്ല.

**വെള്ളി. റോമർ. 12: 17—21**

ഏതോ പൊറുക്കാവ്യാധി പിടിപെട്ട ഒരു ബാലനെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടറന്മാർ യഥാർത്ഥ വിവരം ആ ബാലനെ ഗ്രഹിപ്പിച്ചു. അവൻ ആ ഡോക്ടറന്മാരെ നോക്കിക്കൊണ്ടു് ചോദിക്കുകയാണു്. “ഈ വിവരം എന്റെ മാതാപിതാക്കന്മാരെ ഏതു പ്രകാരം ഗ്രഹിപ്പിക്കും.” ആ ബാലൻ ജീവിതത്താലെ ഒരു വലിയ പാഠം പഠിച്ചിരുന്നു. നമ്മുടെ ചിന്തയും താല്പര്യവും നമ്മിൽ കേന്ദ്രീകൃതമാകാതെ അന്യരിൽ ആയിക്കഴിഞ്ഞാൽ പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാകും എന്നുള്ളതുതന്നെ. അന്യരേക്കുറിച്ചും അവരുടെ ആവശ്യങ്ങളെക്കുറിച്ചും നാം കൂടുതൽ ചിന്തിക്കുന്നതുമൂലം നാം നമ്മെത്തന്നെ സഹായിക്കുകയാണു ചെയ്യുന്ന

തു്.തങ്ങളുടെകുററം ഒന്നുംകൂടാതെ പല പരിമിതികൾക്കു വിധേയമായ ജീവിതം നയിക്കുന്ന ചിലരെ നമുക്കറിയാം. എങ്കിലും അവർ അജയ്യമായ ആത്മാവുള്ളവരാണു്. ശാന്തവും സൗമ്യവുമായ അവരുടെ സേവനംമൂലം നമ്മുടെ ജീവിതവും വീക്ഷണവുംകുറേക്കൂടെ വിശാലമാക്കാമെന്നും നാം ഉദ്ദേശിക്കുന്നിൽ കൂടുതലായി നാം അനുഗ്രഹീതരാണെന്നും നമുക്കു് ചെലുത്താവുന്ന സൽപ്രേരണകൾ വിപുലമാണെന്നും അറിവാൻ അവർ നമ്മെ പ്രാപ്തരാക്കുന്നു. ക്രൈസ്തവൻ ഒരിക്കലും തനിക്കുവേണ്ടി ജീവിക്കാതെ പരനും ദൈവത്തിനുംവേണ്ടി ജീവിക്കുന്നു.

ശനി. 2. കൊരിന്തി. 9: 7—11. 6

എന്തെങ്കിലും സഹായമോ സേവനമോ ആവശ്യപ്പെടാൻ "ഓ! എന്റെ ഓഹരി ഞാൻ നിർവഹിച്ചു കഴിഞ്ഞു" എന്നു പറഞ്ഞു പലരും പിന്മാറുക സാധാരണമാകുന്നു. ക്രിസ്തുവിന്റെ തോട്ടത്തിലെ ഓരോ വേലക്കാരനും തന്നോടുതന്നെ ചോദിക്കേണ്ട ഒരു ചോദ്യമുണ്ടു്. "തന്റെ രാജ്യത്തിന്റെ ജോലിയിൽ എന്റെ ഓഹരിയും അവകാശവുമെന്താണു്?" തന്റെ രാജ്യത്തെ ബന്ധിക്കുന്ന കാര്യങ്ങൾ സ്വജനത്തെ പഠിപ്പിക്കുവാനായി ദൈവം പ്രവാചകന്മാരെ അയച്ചു. അവരുടെ ഉപദേശം ബധിരമായ ശ്രവേന്ദ്രിയങ്ങളിലായിരുന്നു വീണതു്. "എന്റെ ഓഹരി ഞാൻ നിർവഹിച്ചു" എന്നു് ദൈവത്തിനു അപ്പോൾ പറയാമായിരുന്നു. അതിനുപകരം തനിക്കുള്ള സർവ്വവും, അതേ തന്റെ ഏകപുത്രനെ തന്നെ താൻ ലോകത്തിലേക്കു അയച്ചു. പുത്രൻ ലോകത്തിലേക്കു വന്നു മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ജീവിച്ചു് അദ്ധ്വാനിച്ചു. എന്നാൽ താൻ നിന്ദിതനായി ഉപേക്ഷിതനായി, ആക്ഷേപിതനായി, പീഡിതനായിതീർന്നു. "തീർച്ചയായും ഞാൻ എന്റെ ഓഹരി നിർവഹിച്ചു." എന്നു തനിക്കു പറയാമായിരുന്നു. നൽകുവാൻ തനിക്കു ഒന്നേ ശേഷിച്ചിരുന്നുള്ളു. സ്വന്തജീവൻ മാത്രം. അതും താൻ മനുഷ്യവർഗ്ഗത്തിനുവേണ്ടി വച്ചുകൊടുത്തു. നമ്മുടെ ഓഹരി എന്താണു്? നമുക്കുള്ള സർവ്വവും ദൈവത്തിന്റേതത്രേ. ഇന്നു് നമുക്കു ലഭിച്ചിരിക്കുന്ന സേവനാവസരം ദൈവത്തിന്റെ ഇഷ്ടത്തിനനുസരണമായി വിനിയോഗിക്കപ്പെടുന്നതിനു് സമർപ്പിച്ചു കൊടുക്കുവാൻ നാം സന്നദ്ധരാകുമോ?

# വി: കുർബാന അനുഭവിക്കൽ

(ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്)

വിശുദ്ധകുർബാന അനുഭവിക്ക എന്നുള്ളതു വിശുദ്ധസഭയുടെ കല്പനകളിൽഒന്നാകുന്നു. കൊല്ലത്തിൽ എത്ര പ്രാവശ്യം അനുഭവിക്കണമെന്നു നിശ്ചയിച്ചിട്ടില്ല. എങ്കിലും കൊല്ലത്തിൽ ഒരു പ്രാവശ്യം എങ്കിലും വേണമെന്നുള്ളതു ഏകദേശം ഒരു പതിവായിത്തീർന്നിട്ടുണ്ടു്. ചില പരിഷ്ക്കാരികൾ അതുപോലും ചെയ്യുന്നില്ല. അഞ്ചാം നൂററാണ്ടിനുശേഷം വിശ്വാസികൾ ഉയിർപ്പ്, പെന്തിക്കുസ്തി, ജനനപ്പെരുനാൾ, പെസഹാ എന്നീ അവസരങ്ങളിൽ കുർബാന കൈക്കൊണ്ടിരുന്നതായി രേഖകളുണ്ടു്.

കുർബാന എത്ര പ്രാവശ്യം കൈക്കൊള്ളണമെന്നു ദൈവീകകല്പന യാതൊന്നുമില്ല. നമ്മുടെ കർത്താവു തന്റെ ശരീരം നാം ഭക്ഷിക്കണമെന്നും, തന്റെ രക്തം നാം കുടിക്കണമെന്നും നാം ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ നമ്മിൽ ജീവനില്ലെന്നും മാത്രം കല്പിക്കയത്രേ ചെയ്തിരിക്കുന്നതു്. തന്റെ കേൾവിക്കാരുടെ ദിവസേനയുള്ള ഭക്ഷണപാനീയങ്ങളാകുന്ന അപ്പവും വീഞ്ഞുമെന്നുള്ള രൂപത്തിൽ തന്റെ ശരീരവും രക്തവും അനുഭവിക്കണമെന്നു പറഞ്ഞതിൽ നിന്നു് ഇടവിടാതെയും കഴിയുമെങ്കിൽ ദിവസേനയും ഈ കൂദാശ നാം അനുഭവിക്കേണ്ടതാണെന്നു മനസ്സിലാക്കണം. താൻകൊടുക്കുമെന്നു പറഞ്ഞ അപ്പത്തോടു നമ്മുടെ കർത്താവു താരതമ്യപ്പെടുത്തിയ മന്നായും വനത്തിൽവച്ചു ഇസ്രായേൽക്കാർ ദിവസേന ഭക്ഷിച്ചിരുന്നു. "ഞങ്ങൾക്കു ആവശ്യമുള്ള അപ്പം ഇന്നും ഞങ്ങൾക്കു തരേണമേ" എന്നുള്ള അപേക്ഷ പ്രധാനമായി കുർബാനയെ സൂചിപ്പിക്കുന്നില്ല എന്നു വരികിലും, ക്രിസ്ത്യാനികളുടെ ശരീരങ്ങളെപ്പോലെ തന്നെ ആത്മാക്കളും ദിവസേന പോഷിപ്പിക്കപ്പെടേണ്ടതാണെന്നു അവർ വിശ്വസിച്ചിരുന്നു.

അപ്പോസ്തോലസഭയിൽ കുർബാനകാണുന്ന സർവരും കുർബാന കൈക്കൊള്ളുകയായിരുന്നു പതിവു്. ആദിമകാലങ്ങളിൽ കുർബാന ദിവസേന ചൊല്ലിയിരുന്നു. ശ്ലീഹന്മാരുടെ നടപ്പു 2: 46—ൽ വിശ്വസിച്ച സർവ്വരും ദിവസേന പള്ളിയിൽ കൂടിയിരുന്നു എന്നും വീടുതോറും അപ്പം മുറിച്ചിരുന്നു എന്നും കാണുന്നു. പിന്നീടു നടപ്പു് 20: 7—ൽ ത്രോവാസിൽ വിശുദ്ധ പൗലോസ് ഏഴു ദിവസം താമസിച്ചു എന്നും ആഴ്ചയിൽ ആദ്യത്തെദിവസം അപ്പം മുറിപ്പാൻ ശിഷ്യന്മാർ ഒന്നിച്ചു കൂടിയെന്നും നാം വായിക്കുന്നു ദിവസേന കുർബാന അനുഭവിപ്പാൻ തക്ക രീതിയിൽ നാം ജീവിക്കേണ്ടതാണെന്നു് അഗസ്റ്റീനോസ് ഗുണദോഷിക്കുന്നു.

നമ്മുടെ ഒരുക്കവും മനസ്സും കൂടാതെ നമ്മുടെ കർത്താവിനോടു നമ്മെ യോജിപ്പിക്കുന്ന ഒരു മന്ത്രവസ്തുവല്ല വിശുദ്ധ കുർബാന. നേരെമറിച്ചു് കുർബാന അനുഭവത്തിന്റെ ഫലമായി നമ്മുടെ ആത്മാവിനു വലിയ ഉപദ്രവം സംഭവിച്ചേക്കാവുന്നതാണു്. "അയോഗ്യമായി ഭക്ഷിക്കയുംകുടിക്കയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു തന്റെ സ്വന്ത ന്യായവിധിയെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നു," എന്നു വിശുദ്ധ പൌലോസ് ഭദ്രമായി ഉപദേശിക്കുന്നു.ഈ ഉപദേശം ഓർത്തു് ചിലർ തങ്ങൾ യോഗ്യരല്ലെന്നു വിചാരിച്ചു് വി. കുർബാന കൈക്കൊള്ളാതിരിക്കുന്നു. അതെ, നമ്മുടെ കർത്താവിനെ കൈക്കൊള്ളുവാൻതക്ക യോഗ്യത നമുക്കു ഒരിക്കലും ഉണ്ടാകയില്ല. "കർത്താവേ, നീ എന്റെ ഭവനത്തിലേക്കു കടപ്പാൻ ഞാൻ യോഗ്യനല്ല," എന്നു ശതാധിപനെപ്പോലെ നാം എപ്പോഴും പറയണം. എന്നാൽ ആവശ്യമായിരിക്കുന്ന മനസ്ഥിതി നമുക്കുണ്ടെങ്കിൽ നാം കുർബാന അനുഭവിപ്പാൻ എപ്പോഴും യോഗ്യരാണു. ഒന്നാമതു നമുക്കു വിശ്വാസവും, രണ്ടാമതു നമുക്കു കുർബാനയെപ്പററി ബഹുമാനവും വേണം. കുർബാനയിൽ കർത്താവു യഥാർത്ഥത്തിൽ സന്നിഹിതനാണെന്നുള്ള വിശ്വാസം ആവശ്യമത്രേ. ദിവ്യരഹസ്യങ്ങൾ വെറും അപ്പവും വീഞ്ഞുമല്ല, ശരീരത്തിന്റെ ഭക്ഷണത്തിനു ദഹനം കൊടുക്കുന്ന അവയവങ്ങൾ എപ്രകാരമോ അപ്രകാരമാണു ആത്മാവിന്റെ ഭക്ഷണത്തിനു വിശ്വാസം. സംശയങ്ങൾക്കു വല്ലവരും അധീനപ്പെടുന്നുണ്ടെങ്കിൽ അവർ, "ഇതെന്റെ ശരീരം; ഇതെന്റെ രക്തം" എന്നു അരുളിച്ചെയ്ത കർത്താവിനോടു, "കർത്താവേ, ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തെ സഹായിക്കേണമേ," എന്നു പ്രാർത്ഥിക്കട്ടെ.

കുർബാന അനുഭവിപ്പാൻ നമുക്കു

# സുവിശേഷപ്രവർത്തന—സഭയുടെ അവഗണിക്കപ്പെട്ട ജീവിതധർമ്മം

IV

അംഗങ്ങളേ ചേർക്കുന്ന കാര്യത്തിൽ അനേകംസഭകൾ അതിനു പററിയവരെന്നുതോന്നുന്നവരെ മാത്രം തിരഞ്ഞെടുക്കുന്നു. ചിലവ കോഴയായിസമുദായത്തിൽ സ്ഥാനം നൽകിയും അംഗങ്ങളെ സ്വീകരിക്കുന്നുണ്ട്. ഇതു് സുവിശേഷ പ്രവർത്തനാഭാസമെന്നല്ലാതെ മറെറന്തു പറയട്ടെ. വർഗ്ഗസമരം കൊടുമ്പിരിക്കൊള്ളുന്ന രാജ്യങ്ങളിൽ, സഭകളുടെ "ബൂർഷ്വാസ്വഭാവം" ഒരു ശോകാത്മക വസ്തുതയാണ്. തൊഴിലാളിവർഗ്ഗത്തിൻെറ മാനസാന്തരത്തിനു മുൻപിൽ വിലങ്ങടിച്ചു നിൽക്കുന്ന പ്രധാന പ്രതിബന്ധം ഇതാണെന്നു് ഇന്നു കൂടുതലായി ബോദ്ധ്യമായിവരുന്നു. വർഗ്ഗവ്യതിരിക്തത പരിവർജ്ജിക്കാനുള്ള ആഹ്വാനം അനുതാപത്തോടെ ചെവിക്കൊള്ളാൻ ഒരുങ്ങുന്ന സുധീരക്രിസ്ത്യാനികൾ, പലപ്പോഴും ആചാരവഴക്കങ്ങളുടെയോ ഭാഷയുടെയോ നാലുകെട്ടിനുള്ളിൽ സ്വയം കുടുങ്ങുന്നതായി കാണാറുണ്ട്. പാശ്ചാത്യലോകത്തിൻെറ ചില ഭാഗങ്ങളിൽ വർഗ്ഗീയമായ ചേരിതിരിവുകൾ പ്രബലപ്പെട്ടു്, പുതു സഭകളുടെ നാട്ടിൽ ക്രിസ്തുമതവും നിരീശ്വരപ്രമതങ്ങളും തമ്മിലുള്ള വിള്ളൽപോലെ മനുഷ്യരെ തമ്മിൽ ഭിന്നിപ്പിച്ചു നിറുത്തുന്നുണ്ടു്.

## ക്രീസ്തീയ സമുദായത്തിൻെറ അവഗണനം

സഭയുടെ അന്തർവ്യാവർത്തനത്തോടും സാംസ്കാരിക വ്യതിരിക്തതാവസ്ഥയോടും ബന്ധപ്പെട്ട ഒരു കാര്യമാണ് ക്രിസ്തീയ സമുദായത്തിൻെറ അവഗണനം. ആളുകളെ തിരഞ്ഞെടുത്തു സഭയിൽ ചേർക്കുന്ന പ്രലോഭനത്തിനു ഒരു സഭ ഇരയായിത്തീരുന്ന പക്ഷം, ഒരു സഭാംഗത്തിനു്, അഥവാ മാമോദീസാ മുങ്ങിച്ചേരാൻ ഉദ്ദേശിക്കുന്ന ഒരു വ്യക്തിക്കു്, ഇഷ്ടമുള്ള സഭാവിഭാഗം തിരഞ്ഞെടുക്കാമല്ലോ—പ്രത്യേകിച്ചു്, സഭകൾ തമ്മിലുള്ള അനൈക്യത്തിൻെറ ഫലമായി ധാരാളം സഭാവിഭാഗങ്ങളുള്ള നാട്ടിലെ കാര്യം പറയാനുമില്ല. ഒരു ക്രിസ്ത്യാനി അയാളുടെ തൊട്ട അയൽക്കാരനോടുകൂടി പൊതുവായ ഒരു ദൈവാരാധനാസ്ഥലത്തു വരേണ്ടതില്ല. അക്രൈസ്തവനായ അയൽക്കാരനെ അയാളുടെ സ്വന്തം സാമൂഹിക ഗ്രൂപ്പിൽ വിട്ടേച്ചു് അയാളെ പ്രതിയുള്ള ഉത്തരവാദിത്വത്തിൽ നിന്നു് രക്ഷപ്പെടാം. പല സഭകളും ഇന്നു് ദാർഢ്യമുള്ള സമുദായങ്ങളല്ല, പല സമുദായങ്ങളും സഭകളുമല്ല. ഒരു സഭാവിഭാഗത്തിനുള്ളിൽത്തന്നെ, നഗരഇടവകതിത്തികൾ അവഗണിച്ചാൽ, ഓരോ ഇടവകയ്ക്കും അതിൽത്തന്നെ ഒരു പ്രത്യേക മതസമൂഹമായിത്തീരാൻ പഴുതുണ്ടു്. ആഴ്ചതോറുമുള്ള ഭക്തിപ്രകടനങ്ങൾക്കു് ഭക്തജനങ്ങൾ ഒരുമിച്ചു കൂടുന്നതൊഴിച്ചാൽ അംഗങ്ങൾ പരസ്പരം അറിയണമെന്നുപോലുമില്ല. ലോകവും സഭയും ലൗകികജീവിതവും സുവിശേഷവും, അയൽക്കാരനോടുള്ള സ്നേഹവും, ദൈവസ്നേഹവും—ഇവയെല്ലാം പ്രത്യേകം പ്രത്യേകം അറകളില

---

യോഗ്യതവേണമെങ്കിൽ നാം കൃപാവസ്ഥയിൽ ഇരിക്കേണ്ടതാണു്. അതായതു മരണ പാപം നമ്മിൽ ഉണ്ടായിരിക്കരുതു്. "ഒരുവൻ തന്നത്താൻ പരിശോധിച്ചതിൻെറശേഷം ആ അപ്പം തിന്നുകയും ആ കാസായിൽ നിന്നു കുടിക്കയും ചെയ്യട്ടെ," എന്നു വിശുദ്ധ പൌലോസ് കല്പിക്കുന്നു. പശ്ചാത്തപിച്ചിട്ടില്ലാത്ത ഗൌരവതരമായ പാപം ആത്മാവിൽ വച്ചുകൊണ്ടു നമ്മുടെ കർത്താവിനെ സ്വീകരിക്കുന്നതു തന്നെ കഠിനമായിഅധിക്ഷേപിക്കയത്രെ. കഴിഞ്ഞതവണ കുർബാന കൈക്കൊണ്ടശേഷം ഗൌരവമായ വല്ല മരണപാപത്തിലേക്കും നാം വീണുപോയിട്ടുണ്ടെങ്കിൽ അതിനെപ്പററി പശ്ചാത്തപിച്ചു് കുമ്പസാരിച്ചു് ഉപേക്ഷിച്ചിട്ടു വേണം നാം വീണ്ടും കുർബാന കൈക്കൊള്ളുവാൻ. ഉപവാസത്തോടെ കുർബാന അനുഭവിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യുന്നതു നമ്മുടെ കർത്താവിനെ നാം ബഹുമാനിക്കയാണു്.

വിശുദ്ധ കുർബാന ഭക്തിയോടെ അനുഭവിക്കുന്നതിൻെറ ഫലം നാം മിശിഹായെപ്പോലെ ആയിത്തീരുകയാണു്. നമ്മുടെ വിചാരങ്ങൾ, ഇന്ദ്രിയങ്ങൾ, ഹൃദയം മുതലായവക്കെല്ലാം മാററം സംഭവിക്കുന്നു. തിന്മയോടു പോരാടി ജയിപ്പാൻ നമുക്കു ശക്തിലഭിക്കുന്നു. "മനുഷ്യപുത്രൻെറ ശരീരം നിങ്ങൾ ഭക്ഷിക്കയും തൻെറ രക്തം കുടിക്കയും ചെയ്യാതിരുന്നാൽ നിങ്ങളിൽ ജീവനില്ല." "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവാൻ," എന്നുള്ള കർത്താവിൻെറ ആഗ്രഹം സാധിക്കണമെങ്കിൽ കുർബാന വഴിക്കു നാം അവനിൽ ജീവിക്കണം.


## ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

**ഏജൻസികൾ**—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ട്, കല്ലിശ്ശേരി, എഴുകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ട്, ചെങ്ങമനാട്ട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

പ്രധാനവൈദ്യൻ

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

Licence No. 498 Dated 20-8-19.. Reg. M. 5268

# THE CHURCH WEEKLY

ടുക്കി സൂക്ഷിക്കാം. ഇതിന്റെയെല്ലാം ഫലമായി സുവിശേഷപ്രചരണം ഒരു നിരന്തരവിപത്തു് അഭിമുഖീകരിക്കുന്നുണ്ടു്—ഒരു പ്രത്യേക ഇടവകയ്ക്കുകൊള്ളാവുന്നവരെന്നു യോഗ്യത നേടിയവരിൽനിന്നു് അംഗങ്ങളെ പിടിച്ചെടുക്കുന്നതിനുള്ള മത്സരമായി സുവിശേഷ പ്രചരണം അധഃപതിച്ചേക്കാം. സുവിശേഷപ്രവർത്തനത്തിന്റെ ഹീനമായ ഒരു വികലരൂപമാണിതു്. ക്രിസ്ത്യാനികൾക്കിടയിലുള്ള അനൈക്യത്തിന്റെ ഒരു ദുരന്തഫലമാണു്. സഭാജീവിതവും, സമുദായ ജീവിതവുംതമ്മിലുള്ള അന്തരം ഇന്നു ഗുരുതരമായി വളർന്നിട്ടുണ്ടു്. ഒരു ക്രിസ്തീയ ഇടവകയുടെ ഉള്ളടക്കമെന്തായിരിക്കണമെന്നതിനെപ്പറ്റി സമൂലം പുനർവിചിന്തനം ചെയ്യേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. ക്രിസ്തീയ സമുദായ ജീവിതസൃഷ്ടിക്കു വേണ്ടിയ സാമൂഹിക ഘടകം ആഫീസിലേയൊ ഫാക്ടറിയിലെയോ സമുദായമാകാം. അവിടെ അയൽക്കാരൻ എന്ന പദത്തിനു വാസ്തവത്തിൽ ഒരർത്ഥമുണ്ടു്. നമ്മുടെ അയൽക്കാരനെ സ്നേഹിക്കണമെന്ന കല്പനയിൽനിന്നു് ഒഴിഞ്ഞുമാറാൻ അവിടെ സാദ്ധ്യതയില്ല.

ലൗകിക ജീവിതത്തിൽനിന്നു പുറം തള്ളപ്പെട്ട ഏതോ ഒരു പ്രത്യേക സാംസ്കാരിക താൽപര്യത്തിൽ—അതു് ഭൂസ്വർഗ്ഗങ്ങളുടെ അധിപതിയെ പരാമർശിക്കുന്നെന്നു അവകാശപ്പെട്ടപ്പോൾപോലും ക്രൂടുതലായി ഒന്നുംതന്നെ ആധുനിക മനുഷ്യനു് സംഭാവന നൽകാൻ സഭയ്ക്കില്ലെന്നു വരുന്ന പക്ഷം, അപ്രകാരം പുറംതള്ളീട്ടില്ലാത്ത ഏതിർ ക്രൂട്ടായ്മകൾ, മുമ്പു പ്രസ്താവിച്ചതുപോലെ ഇക്കാലത്തുംനമ്മെ നേരിടുന്നുണ്ടു്—ലേബർ യൂണിയൻ, കമ്മ്യൂണിസ്റ്റ് സെൽ, ഡോക്ടറന്മാർ, വക്കീലന്മാർ, പ്രഫസ്സർമാർ എന്നിവരുടെ സംഘടനകൾ, നാട്ടിൻപുറ സമൂഹങ്ങൾ, നഗരത്തിലെ പ്രോലിറ്റേറിയറ്റുകളുടെ ദരിദ്രസമുദായങ്ങൾ ക്രിസ്തുവിനു വേണ്ടി, നമ്മുടെ കാലത്തു് മാനസാന്തരപ്പെടുത്താൻ പരിശുദ്ധാത്മാവിനോടാവശ്യപ്പെട്ടിരിക്കുന്ന "വാഴ്ചകളും അധികാരങ്ങളും" ഇവയായിരിക്കണം ശക്തിസ്വരൂപിണിയായി പുനരുജ്ജീവിച്ച സഭയ്ക്കല്ലാതെ ഈ മഹായത്നം ഏറ്റെടുക്കാൻ സാധ്യമാകുമോ?

## ആശയവിനിമയപ്രശ്നം

അന്തർവ്യാവർത്തനവും ഒറ്റതിരിയലും പിന്നീടു് സഭ പുറത്തുവന്നാലും മറ്റൊരു നെടുങ്കൻ പ്രശ്നം അഭിമുഖീകരിക്കേണ്ടതുണ്ടു്. ഭാഷാപ്രയോഗപ്രശ്നം, സമുദായത്തിൽ ഭൂരിഭാഗത്തിനും മഹത്തായ ക്രിസ്തീയ പദങ്ങൾ സുപരിചിതമല്ല. പഴയ നിയമത്തിലും മററുമുള്ള വേദപുസ്തകഭാഷ ആധുനിക ലോകത്തിനു് അപരിചിതമാണു്. ഒരു കാലത്തു് വിദേശമിഷ്യൻ രംഗങ്ങളിലെന്നപോലെ ഇന്നു് പുരാതനസഭകളുടെ നാട്ടിലും ഭാഷാശൈലികളുടെ പ്രയോഗം ഒരു അടിയന്തിരപ്രശ്നം തന്നെ. പുതിയ സഭകൾ ഇക്കാര്യത്തിൽ പുരാതനസഭകൾക്കു് ഒരു വഴികാട്ടിയായിത്തീരാവുന്നതാണു്

## വേദശാസ്ത്രപരമായ ധാരണ ആവശ്യം

ബുദ്ധിജീവികളുടെ കാര്യത്തിൽ, ആശയവിനിമയപ്രശ്നം പരിഹരിക്കുക മാത്രമല്ല ആവശ്യം; വേദശാസ്ത്രപരമായ ഒരു പുനരുജ്ജീവനം—പ്രത്യേകിച്ചു് അവൈദികരായ വേദശാസ്ത്രജ്ഞന്മാരെ പോററിപ്പുലർത്തൽ— ഇന്നാവശ്യമായിത്തീർന്നിരിക്കുന്നു. വേദശാസ്ത്രമെന്ന പദത്തിനു് അടുത്ത ഏതാനും തലമുറകളിലുണ്ടായ മതിപ്പുകുറവിനു ദുരന്തഫലങ്ങളുണ്ടായി. സുവിശേഷപ്രചരണം പോലെ തന്നെ വേദശാസ്ത്രവും, അതു തൊഴിലാക്കീട്ടുള്ള, ഏതാനും കുറച്ചുപേരുടെ ഒരു പ്രത്യേക ധർമ്മമാണെന്ന മിഥ്യാബോധമാണു ദീർഘനാളുകളായി അത്മേനികൾ പുലർത്തിപ്പോന്നതു്. ഇന്നത്തെ സഭാജീവിതത്തിൽ ഒരു നല്ല പങ്കു സാധാരണ ജനങ്ങളും ക്രിസ്തുമതത്തെ തെറ്റിദ്ധരിച്ചിരിക്കയാണു്. "മററുള്ളവർ നിങ്ങൾക്കു ചെയ്യണമെന്നു നിങ്ങൾ ഇച്ഛിക്കുന്നതു് അവർക്കും ചെയ്ക" എന്ന സുവർണ്ണനിയമത്തിന്റെ ഒരു ഉയർന്ന പതിപ്പാണു അതു് എന്നവർ ചിന്തിക്കുന്നു; പ്രവൃത്തിയാൽ മാത്രമുള്ള രക്ഷയ്ക്കായി അദ്ധ്വാനിക്കയും ചെയ്യുന്നു. അപ്പോസ്തലന്മാർ വിശ്വസിച്ചിരുന്ന ക്രിസ്തു, സ്വർഗ്ഗാരോഹണം ചെയ്ത കർത്താവും രക്ഷിതാവും, മനുഷ്യവർഗ്ഗത്തിലെ കേവലമൊരു വീരനേതാവോ ഒരു ആദ്യക്രിസ്ത്യാനിയോ മാത്രമായി രൂപാന്തരപ്പെട്ടു! രക്ഷിക്കപ്പെടാത്ത മനുഷ്യസ്വഭാവം അദ്ദേഹത്തിന്റെ പരിപൂർണ്ണത അനുകരിക്കണമെന്നു് ഉദ്ബോധിപ്പിക്കുകയും ചെയ്തു.

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

New India Assurance Co. Ltd,.

H. O. BOMBAY.

West Coast Branch: Ernakulam,

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam